പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2016–2019)

## ഒന്നാമത് റിപ്പോർട്ട്

(2018 മാർച്ച് 27-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2016-2019)

ഒന്നാമത് റിപ്പോർട്ട്

(2018 മാർച്ച് 27-ാം തീയതി സമർപ്പിച്ചത്)

581/2018.

# ഉള്ളടക്കം

പേജ്


| | | | |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | ആമുഖം | .. | vii |
| 3. | റിപ്പോർട്ട് | .. | 1-6 |
| 4. | അനുബന്ധം 1-13 | .. | 7-35 |

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി
# (2016-2019)

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. എ. പ്രദീപ്കുമാർ.

അംഗങ്ങൾ :

ശ്രീ. ജോർജ് എം തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. വി. കെ. സി. മമ്മത് കോയ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി

# ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോൾ തന്നോട് അപമര്യാദയായി പെരുമാറി എന്നാരോപിച്ചുകൊണ്ട് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. ബഹു. സ്പീക്കർക്ക് നൽകിയ പരാതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രസ്തുത പരാതി പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 31-10-2016-ൽ ബഹു. സ്പീക്കർ പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് (2016-19) റഫർ ചെയ്തു. 2017 ഫെബ്രുവരി 15, മാർച്ച് 8, മാർച്ച് 15, മേയ് 11, മേയ് 22, ജൂലൈ 17, ഒക്ടോബർ 25, നവംബർ 2 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ മേൽ വിഷയം സമിതി വിശദമായി പരിശോധിച്ചു. 2017 മാർച്ച് 15-ാം തീയതിയിലെ യോഗത്തിൽ പരാതിക്കാരനായ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യിൽ നിന്നും 2017 മേയ് 22-ാം തീയതിയിലെ യോഗത്തിൽ ആരോപണവിധേയയായ മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോളിൽനിന്നും മുൻ തിരൂർ സബ് കളക്ടർ ശ്രീമതി അദീല അബ്ദുള്ളയിൽ നിന്നും നേരിട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതി യോഗങ്ങളിലെ ചർച്ചകളുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനവും സമിതിയുടെ ശിപാർശയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സമിതിയുടെ യോഗനടപടിക്കുറിപ്പുകളും മറ്റ് ബന്ധപ്പെട്ട രേഖകളും ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

2017 ഡിസംബർ 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. പ്രദീപ്കുമാർ,

*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 മാർച്ച് 27.

# റിപ്പോർട്ട്

മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോൾ തന്നോട് അപമര്യാദയായി പെരുമാറി എന്നാരോപിച്ചുകൊണ്ട് താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ 24-10-2016-ന് ബഹു.സ്പീക്കർക്ക് ഒരു പരാതി നൽകിയിരുന്നു. 22-10-2016-ന് നിയോജകമണ്ഡലത്തിലെ ചില വിഷയങ്ങൾ സംസാരിക്കുന്നതിനായി ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോളുടെ ചേമ്പറിൽ ചെന്ന തന്നോട് ഒരു ജനപ്രതിനിധിയോട് കാണിക്കേണ്ട സാമാന്യ മര്യാദ അവർ കാണിച്ചില്ലെന്നും സംഭാഷണത്തിനിടയിൽ ധിക്കാരപരമായി കയർത്ത് സംസാരിച്ചുവെന്നും അദ്ദേഹം പരാതിയിൽ ആരോപിച്ചിരുന്നു. (അനുബന്ധം 1) പ്രസ്തുത പരാതി പരിശോധനയ്ക്കും റിപ്പോർട്ടിനുമായി 31-10-2016-ൽ ബഹു. സ്പീക്കർ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തു (അനുബന്ധം 2).

സമിതി 15-2-2017-ലെ യോഗത്തിൽ ശ്രീ. വി. അബ്ദുറഹിമാന്റെ പരാതി പരിഗണിക്കുകയും ഉദ്യോഗസ്ഥർ ജനപ്രതിനിധികളോട് മര്യാദരഹിതമായി പെരുമാറുന്ന രീതി ഗൗരവത്തോടെ കാണേണ്ടതുണ്ടെന്ന് വിലയിരുത്തുകയും പരാതി വിഷയത്തിലുള്ള വിശദീകരണം സമിതിക്ക് സമർപ്പിക്കണമെന്ന് മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോളോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. (അനുബന്ധം 3). സമിതിയുടെ തീരുമാനം അറിയിച്ചതിനെ തുടർന്ന് ശ്രീമതി എ. ഷൈനാമോൾ സമിതിയ്ക്ക് 27-2-2017-ൽ വിശദീകരണം സമർപ്പിച്ചു.

താനൂർ എം.എൽ.എ.-യോട് താൻ അപമര്യാദയായി പെരുമാറിയിട്ടില്ലെന്നും എം.എൽ.എ. തന്റെ ചേമ്പറിൽ വന്ന് താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിക്കുന്നതിനിടയിൽ തന്നെ കാണാനെത്തിയ തിരൂർ സബ് കളക്ടർ ശ്രീമതി അദീല അബ്ദുള്ളയോട് മണ്ഡലത്തിലെ ചില പ്രശ്നങ്ങൾ സംബന്ധിച്ച് സബ്കളക്ടർ വിളിച്ചു ചേർത്ത ഒരു യോഗത്തിലേക്ക് എം.എൽ.എ.യെ ക്ഷണിക്കാത്തത് സംബന്ധിച്ച് അദ്ദേഹം രോഷാകുലനാകുകയും രൂക്ഷമായ ഭാഷയിൽ അവരെ ചോദ്യം ചെയ്യുകയും ചെയ്തപ്പോൾ താൻ അതിൽ ഇടപെട്ട് രംഗം ശാന്തമാക്കാനാണ് ശ്രമിച്ചതെന്നും യഥാർത്ഥത്തിൽ രണ്ട് വനിതാ ഓഫീസർമാരായ തങ്ങളോട് എം.എൽ.എ.യാണ് അപമര്യാദയായി പെരുമാറിയതെന്നും ശ്രീമതി എ. ഷൈനാമോൾ കത്തിൽ വിശദീകരിച്ചു. എം.എൽ.എ.യ്ക്കെതിരെ തങ്ങൾ പരാതി നൽകുമെന്ന ആശങ്ക കൊണ്ടാകാം അടിസ്ഥാനരഹിതവും ദുരുപദിഷ്ടവുമായ ആരോപണം അദ്ദേഹം ഉന്നയിച്ചിരിക്കുന്നതെന്ന് കരുതാവുന്നതാണെന്നും ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന വസ്തുത കണക്കിലെടുത്ത് പ്രസ്തുത പരാതി സമിതി തള്ളിക്കളയണമെന്നും അവർ വിശദീകരണത്തിൽ അപേക്ഷിച്ചു (അനുബന്ധം 4).

8-3-2017-ലെ യോഗത്തിൽ സമിതി പ്രസ്തുത വിശദീകരണം പരിശോധിക്കുകയും വിഷയം സംബന്ധിച്ച് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.യുടെ അഭിപ്രായം നേരിൽ കേൾക്കാൻ തീരുമാനിക്കുകയും ചെയ്തു (അനുബന്ധം 5).

15-3-2017-ൽ ശ്രീ.വി.അബ്ദുറഹിമാൻ എം.എൽ.എ. സമിതി മുമ്പാകെ ഹാജരാവുകയും ശ്രീമതി ഷൈനാമോളുടെ വിശദീകരണത്തിലെ ആരോപണങ്ങൾ നിഷേധിക്കുകയും ചെയ്തു. തന്നോട് ആലോചിക്കാതെ തന്റെ മണ്ഡലത്തിലെ ചില പ്രശ്നങ്ങൾ സംബന്ധിച്ച് ഒരു സമാധാന യോഗം വിളിച്ചുചേർത്ത കാര്യം തിരൂർ സബ് കളക്ടറോട് ചോദിച്ചപ്പോൾ "സമാധാന യോഗത്തിൽ എം.എൽ.എ.യെ വിളിക്കണമെന്ന് എന്തെങ്കിലും ഉത്തരവുണ്ടെങ്കിൽ കൊണ്ടുവരണം" എന്ന് വളരെ ധാർഷ്ട്യത്തോടു കൂടി തന്നോട് കളക്ടർ പറഞ്ഞുവെന്നും തുടക്കം മുതൽ തനിക്കു യാതൊരു പരിഗണനയും നൽകാതെ കളക്ടർ ഫയൽ നോക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നും താൻ വളരെയേറെ സംയമനം പാലിച്ചതുകൊണ്ടാണ് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതെ പോയതെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

ശ്രീ.വി. അബ്ദുറഹിമാൻ എം.എൽ.എ.യുടെ വിശദീകരണം സമിതി വിലയിരുത്തുകയും ജില്ലാ കളക്ടറിൽ നിന്ന് അദ്ദേഹത്തിന് വലിയ തോതിലുള്ള മാനഹാനി ഉണ്ടായതായി കരുതാവുന്നതാണെന്നും കളക്ടറോട് എം.എൽ.എ. അപമര്യാദയായി പെരുമാറിയെങ്കിൽ അപ്പോൾ തന്നെ അത് സംബന്ധിച്ച് ടിയാൾ പരാതി കൊടുക്കണമായിരുന്നെന്നും അല്ലാതെ പിന്നീടെപ്പോഴെങ്കിലും ആരോപണം ഉന്നയിക്കുന്നത് ശരിയായ കാര്യമല്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോൾ, മുൻ തിരൂർ സബ് കളക്ടർ ശ്രീമതി അദീലാ അബ്ദുള്ള എന്നിവരിൽ നിന്ന് തെളിവെടുക്കുവാൻ സമിതി തീരുമാനിച്ചു (അനുബന്ധം 6).

ഇരുവരോടും 11-5-2017-ൽ തെളിവെടുപ്പിന് ഹാജരാകുവാൻ സമിതി ആവശ്യപ്പെട്ടു. വ്യക്തിപരമായ ചില കാരണങ്ങളാൽ തെളിവെടുപ്പ് മറ്റൊരു ദിവസത്തേക്ക് മാറ്റണമെന്ന ശ്രീമതി ഷൈനാമോളുടെ 8-5-2017-ലെ അപേക്ഷ സമിതി 11-5-2017-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ശ്രീമതി ഷൈനാമോളിൽ നിന്ന് തെളിവെടുത്ത ശേഷം മാത്രം ശ്രീമതി.അദീലാ അബ്ദുള്ളയിൽ നിന്ന് തെളിവെടുത്താൽ മതി എന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം ഹാജരായ ശ്രീമതി അദീലാ അബ്ദുള്ളയിൽ നിന്ന് തെളിവെടുത്തില്ല (അനുബന്ധം 7). തുടർന്ന് പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം തെളിവെടുപ്പിന് 22-5-2017-ൽ ഹാജരാകുവാൻ ഇരുവരോടും ആവശ്യപ്പെട്ടു. ഇതിനിടയിൽ നിയമസഭാംഗം ഉന്നയിച്ച ആരോപണങ്ങൾ ഒന്നും തന്നെ അവകാശലംഘനത്തിന്റെ പരിധിയിൽപ്പെടുന്നതല്ല എന്ന വസ്തുത സമിതി കണക്കിലെടുക്കണമെന്നും പരാതിയിൽ ഒരിടത്തുപോലും ഏതെങ്കിലും തരത്തിലുള്ള അവകാശ ലംഘനം നടന്നതായി ആരോപിച്ചിട്ടില്ല എന്നുള്ളതും യഥാർത്ഥ വസ്തുതകളും കണക്കിലെടുത്ത് തനിക്കെതിരെ അദ്ദേഹം നൽകിയിട്ടുള്ള പരാതിയിൻമേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും 15-5-2017-ലെ കത്തിലൂടെ ശ്രീമതി ഷൈനാമോൾ അപേക്ഷിച്ചിരുന്നു. (അനുബന്ധം 8).

22-5-2017-ന് ചേർന്ന യോഗത്തിൽ സമിതി തെളിവെടുപ്പിന് മുമ്പായി, ശ്രീമതി എ. ഷൈനാമോൾ നൽകിയ മേൽപരാമർശിച്ച കത്ത് പരിഗണിക്കുകയും നിയമസഭാംഗത്തോട് അപമര്യാദയായി പെരുമാറിയെന്ന അംഗത്തിന്റെ പരാതിയിൻ മേലുള്ള വിശദീകരണം നൽകുന്നതിനു പകരം പ്രസ്തുത വിഷയം അവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് സമർത്ഥിക്കാൻ ശ്രീമതി എ. ഷൈനാമോൾ

ശ്രമിച്ചിരിക്കുകയാണെന്നും ആയത് ഗൗരവത്തോടെ കാണേണ്ടതുണ്ടെന്നും വിലയിരുത്തുകയും ചെയ്തു. തുടർന്ന് ടിയാളിൽ നിന്ന് സമിതി നേരിട്ട് തെളിവെടുത്തു.

താനൂർ ഫിഷിംഗ് ഹാർബറിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട് എം.എൽ.എ. മുൻ ജില്ലാ കളക്ടർക്ക് കൊടുത്ത പരാതിയുടെ പകർപ്പ് താൻ ജില്ലാ കളക്ടറായി വന്നപ്പോൾ അദ്ദേഹത്തിൽ നിന്ന് ലഭിച്ചിരുന്നതായി തനിക്കോർമ്മയില്ലെന്നും ഡി.ഡി.സി. മീറ്റിങ്ങിൽവച്ച് ഡ്രഡ്ജിംഗിന്റെ പുരോഗതി സംബന്ധിച്ച് എം.എൽ.എ. ഉദ്യോഗസ്ഥരുമായി സംസാരിച്ചിരുന്നുവെന്നും മീറ്റിംഗ് കഴിഞ്ഞ ശേഷം എം.എൽ.എ.തന്റെ ചേമ്പറിൽ വന്ന് ഹാർബറിൽ നിന്ന് മണ്ണെടുക്കുന്നതിന് ബ്ലാങ്കറ്റ് പെർമിഷൻ നൽകണമെന്നാവശ്യപ്പെട്ടെങ്കിലും മണ്ണെടുക്കുന്നതിനുള്ള അനുവാദം കളക്ടറല്ല മറിച്ച് ജിയോളജിസ്റ്റാണ് നൽകേണ്ടതെന്നും ജിയോളജിസ്റ്റുമായി ഈ വിഷയം താൻ സംസാരിക്കാമെന്നും മറുപടി നൽകിയെന്നും ശ്രീമതി എ. ഷൈനാമോൾ സമിതിയെ ബോധിപ്പിച്ചു. എം.എൽ.എ. തന്റെ ചേമ്പറിലേക്ക് വന്നപ്പോൾ അദ്ദേഹത്തിന് അർഹമായ പരിഗണന നൽകിയില്ല എന്ന അദ്ദേഹത്തിന്റെ ആക്ഷേപം തെറ്റാണെന്നും അദ്ദേഹത്തോട് താൻ ഉപചാരപൂർവ്വം ഇരിക്കാൻ പറഞ്ഞുവെന്നും സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് സബ് കളക്ടർ അവിടേക്ക് വന്നതെന്നും ആ സമയം താൻ ഫയലുകൾ നോക്കുകയായിരുന്നില്ലെന്നും അവർ ബോധിപ്പിച്ചു. താനൂരിലെ ചില പ്രാദേശിക പ്രശ്നങ്ങളെ മുൻനിർത്തി സബ് കളക്ടർ വിളിച്ചുചേർത്തത് ഒരു യോഗമായിരുന്നില്ലെന്നും ഒരു പ്രാദേശിക ഇടപെടൽ മാത്രമായിരുന്നെന്നും ഉദ്യോഗസ്ഥരെയോ ജനപ്രതിനിധികളെയോ അതിനായി ക്ഷണിച്ചിരുന്നില്ലെന്നും അത് തന്റെ നിർദ്ദേശമനുസരിച്ചല്ല നടത്തിയതെന്നും അവർ അറിയിച്ചു. പ്രസ്തുത യോഗം വിളിച്ചുചേർത്തത് സംബന്ധിച്ച് സബ് കളക്ടറോട് എം.എൽ.എ. പരുഷമായി സംസാരിച്ചുവെന്നും അത് അവരെ മാനസികമായി തളർത്തുന്നുവെന്ന് മനസ്സിലാക്കിയ ഘട്ടത്തിലാണ് താനിടപെട്ടതെന്നും തന്റെ അധികാരം ഉപയോഗിച്ചാണ് താൻ യോഗം വിളിച്ചതെന്ന് പറഞ്ഞിട്ടില്ലെന്നും ശ്രീമതി എ. ഷൈനാമോൾ അറിയിച്ചു. തന്നെ സ്ഥലം മാറ്റുമെന്ന് എം.എൽ.എ. പിന്നീട് ചില സ്ഥലങ്ങളിൽ പറഞ്ഞുവെന്ന് തന്റെ കീഴുദ്യോഗസ്ഥരിൽ നിന്ന് അറിഞ്ഞുവെന്നും സാവകാശം തന്നാൽ ആയതിന് തെളിവു ഹാജരാക്കാമെന്നും അവർ പറഞ്ഞു.

എം.എൽ.എ. തങ്ങളോട് അപമര്യാദയായി പെരുമാറി എന്നതു സംബന്ധിച്ച് അപ്പോൾ പരാതി നൽകാതിരുന്നത്, രണ്ടു വനിതാ ഉദ്യോഗസ്ഥരോട് എം.എൽ.എ. അപമര്യാദയായി പെരുമാറിയത് മാധ്യമങ്ങളിൽ വാർത്തയായി വരാൻ സാധ്യതയുള്ളതിനാൽ എം.എൽ.എ.യ്ക്കും സർക്കാരിനും അത് ബുദ്ധിമുട്ട് സൃഷ്ടിച്ചേക്കാം എന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ ആയിരുന്നുവെന്നും എന്നാൽ പ്രസ്തുത വിഷയം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും ശ്രീമതി എ. ഷൈനാമോൾ ബോധിപ്പിച്ചു. അംഗത്തിന്റെ ആരോപണങ്ങൾ അവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന് സമിതിക്ക് സമർപ്പിച്ച കത്തിൽ പരാമർശിച്ചിരുന്നത് ക്വാസി-ജുഡീഷ്യൽ സ്വഭാവമുള്ള ഒരു സമിതിയാണ് പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി എന്ന് താൻ മനസ്സിലാക്കിയിരുന്നതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതയായ വ്യക്തി എന്ന നിലയിൽ ആയത് സമിതി മുൻപാകെ ബോധിപ്പിക്കുന്നതിനാണെന്നും അവർ അറിയിച്ചു.

അന്നേ ദിവസം തന്നെ മുൻ തിരൂർ സബ് കളക്ടർ ശ്രീമതി അദീല അബ്ദുള്ളയിൽ നിന്നും സമിതി തെളിവെടുത്തപ്പോൾ സാധാരണ എം.എൽ.എ.- മാർ കളക്ടർ വിളിച്ചുചേർക്കുന്ന മീറ്റിംഗുകളിൽ മാത്രമാണ് പങ്കെടുക്കാറുള്ളതെന്നും അംഗനവാടി വർക്കർമാർ, ആശാ വർക്കർമാർ, എൽ.പി.സ്കൂൾ ടീച്ചർമാർ, പള്ളിയിലെ ഖത്തീബുമാർ, പുരോഹിതൻമാർ, വാർഡ്മെമ്പർമാർ എന്നിവരുടെ ഒരു ചെറിയ യോഗം മാത്രമാണ് താൻ വിളിച്ചുചേർത്തതെന്നും അതുകൊണ്ടാണ് എം.എൽ.എ.യെ യോഗത്തിലേക്ക് വിളിക്കാതിരുന്നതെന്നും അവർ വിശദീകരിച്ചു. പ്രസ്തുത യോഗം നടന്നത് സംബന്ധിച്ച് എം.എൽ.എ. തഹസിൽദാരോടു അദ്ദേഹത്തിന്റെ നീരസം അറിയിച്ചതായി പിന്നീട് അറിഞ്ഞതിനെതുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് താൻ വിവരങ്ങൾ ധരിപ്പിച്ചിരുന്നുവെന്നും കളക്ടറുടെ ചേമ്പറിൽ വച്ച് എം.എൽ.എ. രൂക്ഷമായ ഭാഷയിൽ ഈ വിഷയം സംബന്ധിച്ച് തന്നോടു സംസാരിച്ചപ്പോൾ മേലുദ്യോഗസ്ഥ എന്ന നിലയിൽ പ്രശ്നപരിഹാരത്തിനു ശ്രമിക്കുകയാണ് ജില്ലാ കളക്ടർ ചെയ്തതെന്നും എന്നാൽ എം.എൽ.എ. വീണ്ടും ദേഷ്യപ്പെട്ട് സംസാരിച്ചപ്പോൾ കളക്ടർ അതിനോട് അതേ രീതിയിൽ തന്നെ പ്രതികരിച്ചെന്നും തങ്ങളുടെ നിലവിട്ട് അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് അപ്പോൾ ഉണ്ടായതെന്നും അവർ വെളിപ്പെടുത്തി. എം.എൽ.എ. യോഗവിഷയം സംബന്ധിച്ച് തന്നോട് ദേഷ്യപ്പെട്ട് സംസാരിക്കുമ്പോൾ തുടക്കത്തിൽ അതിലിടപെടാതെ കളക്ടർ ഒരു ഫയൽ നോക്കി കൊണ്ടിരിക്കുകയായിരുന്നുവെന്നും പ്രശ്നം മോശമാകുന്നു എന്നു കണ്ടപ്പോൾ മാത്രമാണ് ഇടപെട്ടതെന്നും അവർ ബോധിപ്പിച്ചു. (അനുബന്ധം 9).

നിയമസഭാംഗത്തിന്റെ പരാതി അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന് കാണിച്ച് ശ്രീമതി എ. ഷൈനാമോൾ സമിതിക്ക് നൽകിയ കത്തും അതിന് അവർ സമിതിയിൽ നൽകിയ വിശദീകരണവും സമിതി പരിശോധിച്ചു. അവകാശലംഘനമുണ്ടോ ഇല്ലയോ എന്ന് പരിശോധിച്ച് അത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് സമിതി ആയതിനാൽ പ്രസ്തുത പരാമർശം സംബന്ധിച്ച് ടിയാളോട് വ്യക്തമായ വിശദീകരണം ആവശ്യപ്പെടണമെന്ന് സമിതി തീരുമാനിച്ചു. സമിതിയുടെ പ്രസ്തുത തീരുമാനം അറിയിച്ചതിനെതുടർന്ന് 30-6-2017-ലെ കത്തു പ്രകാരം ശ്രീമതി എ. ഷൈനാമോൾ തന്റെ വിശദീകരണം ലഭ്യമാക്കി. നിയമസഭാംഗത്തിന്റെ അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും തന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്ന കാര്യം വിനയപൂർവ്വം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ മാത്രമാണ് താൻ ഉദ്ദേശിച്ചതെന്നും ബഹു. നിയമസഭാ സ്പീക്കറുടെയോ സമിതിയുടെയോ അധികാരത്തെ വിമർശിക്കുവാൻ താൻ ഉദ്ദേശിച്ചിട്ടില്ലെന്നും കത്തിലെ പരാമർശം ഉചിതമല്ലായെന്ന് സമിതി ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ താൻ അതിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും അവർ വിശദീകരിച്ചു (അനുബന്ധം 10).

പ്രസ്തുത വിശദീകരണം 17-7-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ 15-5-2017-ൽ സമിതിക്ക് സമർപ്പിച്ച കത്തിലെ പരാമർശത്തിന്മേൽ മാത്രമാണ് അവർ ഖേദം പ്രകടിപ്പിച്ചിരിക്കുന്നതെന്നും പരാതിക്കാസ്പദമായ വിഷയത്തിൽ ശ്രീമതി എ. ഷൈനാമോൾ ഖേദം പ്രകടിപ്പിച്ചിട്ടില്ലായെന്നും സമിതി വിലയിരുത്തി. തുടർന്ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചെന്നപ്പോൾ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. യോടൊപ്പം ഉണ്ടായിരുന്നവരിൽ നിന്ന് കൂടി തെളിവെടുക്കാൻ സമിതി തീരുമാനിച്ചു (അനുബന്ധം 11).

എം.എൽ.എ. ജില്ലാ കളക്ടറുടെ ചേമ്പറിൽ എത്തിയപ്പോൾ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പേര്, വിലാസം എന്നിവ അദ്ദേഹത്തോട് ആരാഞ്ഞുവെങ്കിലും ആയവ അംഗം സമിതിക്ക് ലഭ്യമാക്കിയില്ല. സമിതി മുമ്പാകെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു. (അനുബന്ധം 12).

## സമിതിയുടെ നിഗമനം

തന്നോടും ശ്രീമതി. അദീല അബ്ദുള്ളയോടും അതിരുവിട്ട് സംസാരിച്ച എം.എൽ.എ. വനിതാ ഉദ്യോഗസ്ഥരോട് മോശമായി പെരുമാറി എന്ന് പരാതി ഉയർന്നു വരും എന്ന ആശങ്കയാലാണ് തനിക്കെതിരെ ബഹു. സ്പീക്കർക്ക് പരാതി സമർപ്പിച്ചത് എന്ന ശ്രീമതി.എ.ഷൈനാമോളുടെ വാദം അംഗീകരിക്കത്തക്കതല്ല. ടിയാൾക്ക് അത്തരമൊരു പരാതി ഉണ്ടായിരുന്നെങ്കിൽ ആയത് യഥാസമയം ഉന്നയിക്കേണ്ടിയിരുന്നുവെന്നും ടിയാൾക്കെതിരെ ഒരു പരാതി വന്നപ്പോൾ ഇപ്രകാരം ഒരു വാദം മുന്നോട്ടുവച്ചത് ന്യായമല്ലെന്നും സമിതി വിലയിരുത്തുന്നു.

നിയമസഭാ സാമാജികരോട് ഏതൊരു സാഹചര്യത്തിലും ആദരവ് പ്രകടിപ്പിക്കുകയും ആശയവിനിമയത്തിൽ സംയമനം പാലിക്കുകയും ചെയ്യേണ്ടത് ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും ഉത്തരവാദിത്തമാണ്. തിരൂർ സബ് കളക്ടറായിരുന്ന ശ്രീമതി അദീല അബ്ദുള്ള സമിതി മുമ്പാകെ നൽകിയ മൊഴിയിൽ നിന്ന് ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോൾ നിയമസഭാംഗവുമായി വാഗ്വാദത്തിൽ ഏർപ്പെട്ടു എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരസ്പര ബഹുമാനത്തോടെയാകണം പൊതുപ്രശ്നങ്ങൾക്ക് പരിഹാരം സാദ്ധ്യമാക്കേണ്ടത് എന്ന് സമിതി വിലയിരുത്തുന്നു.

ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ജനപ്രതിനിധികൾക്ക് സർക്കാർ ഉദ്യോഗസ്ഥർ പരിഗണനയും ബഹുമാനവും നൽകി സാദ്ധ്യമായ പരമാവധി സഹായം ചെയ്തു കൊടുക്കേണ്ടതുണ്ട്. ഇക്കാര്യം ചൂണ്ടിക്കാട്ടി നിരവധി ഉത്തരവുകളും സർക്കുലറുകളും ആവർത്തിച്ച് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പല ഉദ്യോഗസ്ഥരും അവയെപ്പറ്റി അജ്ഞരാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ അഖിലേന്ത്യാ സർവ്വീസിൽ നിന്ന് സംസ്ഥാനത്തു നിയോഗിക്കപ്പെടുന്നവർ ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരിലും സ്ഥാനം ഏറ്റെടുക്കുന്നതിന് മുൻപുതന്നെ ഇക്കാര്യത്തിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.

## സമിതിയുടെ ശിപാർശ

മലപ്പുറം ജില്ലാ കളക്ടറായിരിക്കവേ ശ്രീമതി എ. ഷൈനാമോൾ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.യുമായി വാഗ്വാദത്തിൽ ഏർപ്പെട്ട നടപടി ഉചിതമായില്ല എന്ന് സമിതി വിലയിരുത്തുന്നു. എങ്കിലും താരതമ്യേന ജൂനിയർ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥയാണെന്ന വസ്തുത പരിഗണിച്ചും, പരാതിക്കാസ്പദമായ സംഭവം ഉണ്ടായതിൽ അവർക്ക് മനോവിഷമമുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും, ശ്രീമതി എ. ഷൈനാമോൾക്കെതിരെയുള്ള അവകാശ ലംഘന പ്രശ്നത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് സമിതി ശിപാർശ ചെയ്യുന്നു.

നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കും നൽകേണ്ട ബഹുമാനവും അവരോടു പ്രകടിപ്പിക്കേണ്ട സാമാന്യ മര്യാദയും സംബന്ധിച്ച് അഖിലേന്ത്യാ സർവ്വീസിൽ നിന്ന് നിയോഗിക്കപ്പെട്ടിട്ടുള്ളവർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ഉദ്യോഗസ്ഥരിലും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2017 ഡിസംബർ 13.

എ. പ്രദീപ്കുമാർ,
*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

അനുബന്ധം 1

വി. അബ്ദുറഹിമാൻ

(താനൂർ)

മെമ്പർ

കേരള നിയമസഭ

തിരുവനന്തപുരം,
24-10-2016.

ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർ,

മലപ്പുറം ജില്ലാ കളക്ടറുടെ ഭാഗത്തുനിന്നും ഒരു ജനപ്രതിനിധി എന്ന നിലയിൽ എനിക്കുണ്ടായ വേദനാജനകമായ അനുഭവം ഞാൻ അങ്ങയെ അറിയിക്കുകയാണ്.

22-10-2016-ന് ജില്ലാ വികസന സമിതിയിൽ പങ്കെടുത്തതിനുശേഷം എന്റെ നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ തടസ്സങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സംസാരിക്കാൻ ഞാനും ഹാർബർ, ഫിഷറീസ് ഉദ്യോഗസ്ഥരും കളക്ടറുടെ ചേമ്പറിൽ ചെന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്കൊടുവിൽ താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട ഒരു സമാധാനയോഗം വിളിച്ചുചേർത്തതുമായി ബന്ധപ്പെട്ട് ചേമ്പറിൽ സന്നിഹിതയായിരുന്ന സബ് കളക്ടറോട് ഞാൻ ചോദിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ ഒരു സമാധാനയോഗം എം.എൽ.എ എന്ന നിലയിൽ ഞാനറിയാതെ നടത്തിയത് ശരിയാണോ എന്ന് ഞാൻ സബ് കളക്ടറോട് ചോദിച്ചപ്പോൾ കളക്ടർ ഇടപെടുകയും ഏറെ ധിക്കാരപരമായി എന്നോട് കയർത്ത് സംസാരിക്കുകയും ചെയ്തു. സമാധാനയോഗത്തിൽ എം.എൽ.എ.-യെ വിളിക്കാനുള്ള ഉത്തരവുണ്ടെങ്കിൽ കൊണ്ടുവരാൻ അവർ ആവശ്യപ്പെട്ടു. ഉത്തരവല്ല, അതാണ് കീഴ്വഴക്കമെന്നും കീഴ്വഴക്കങ്ങൾ ഉത്തരവുകളേക്കാൾ ശക്തമാണെന്നും ഞാൻ പറഞ്ഞു. മാത്രമല്ല, ഒരു എം.എൽ.എ.യും ഉദ്യോഗസ്ഥന്മാരും ചർച്ചയ്ക്കു വരുമ്പോൾ കളക്ടർ കാണിക്കേണ്ടുന്ന സാമാന്യപെരുമാറ്റ രീതികൾപോലും കളക്ടറുടെ ഭാഗത്തുനിന്നുണ്ടായില്ല. ഞങ്ങളോട് സംസാരിക്കുന്ന സമയം മുഴുവൻ കളക്ടർ മറ്റു ഫയലുകൾ പരിശോധിച്ച് ഒപ്പിട്ടു കൊണ്ടിരിക്കുകയായിരുന്നു. ഏറെ പ്രധാനപ്പെട്ട വിഷയം ചർച്ച ചെയ്യുമ്പോൾ അവ ശ്രദ്ധിക്കാതെ ഫയലുകളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുകയാണ് ചെയ്തത്. ഒരു ജനാധിപത്യ സംവിധാനത്തിൽ ഒരു ജനപ്രതിനിധി സന്ദർശിക്കുമ്പോൾ കാണിക്കേണ്ടുന്ന പെരുമാറ്റച്ചട്ടങ്ങളൊന്നും കളക്ടർ അനുസരിച്ചില്ല.

നിയോജകമണ്ഡലത്തിലെ ഒരു എം.എൽ.എ.യോട് കളക്ടറുടെ സമീപനം ഇതാണെങ്കിൽ സാധാരണ ജനങ്ങളോടുള്ള സമീപനം എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടിയൊന്നും കളക്ടറുടെ ഭാഗത്തുനിന്നുണ്ടാവുന്നില്ല. ഹാർബറിന്റെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട് ഞാൻ 5-8-2016 തീയതിയിൽ കത്ത് കൊടുത്തിരുന്നു. എന്നാൽ ആ കത്തിന് മറുപടി തരികയോ, ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാതിരുന്നപ്പോൾ ഞാൻ ബഹു. ഫിഷറീസ് മന്ത്രിയെ രേഖാമൂലം 23-9-2016-ന് ഈ കാര്യം അറിയിച്ചിരുന്നു. മന്ത്രിയുടെ ആഫീസിൽനിന്നും നിർദ്ദേശമുണ്ടായിട്ടും നടപടികൾ വൈകിയതിനെ തുടർന്നാണ് ഞാൻ കളക്ടറെ നേരിട്ടു കാണാൻ ചെന്നത്. അപ്പോഴുണ്ടായ അനുഭവമാണ് മുകളിൽ വിവരിച്ചത്.

ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറുടെ ഭാഗത്തുനിന്നും എനിക്കുണ്ടായ തിക്താനുഭവത്തെക്കുറിച്ച് പരിശോധിക്കണമെന്നും, ആവശ്യമായ നടപടികളെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

വി. അബ്ദുറഹിമാൻ,

എം.എൽ.എ.

## അനുബന്ധം 2

## ബഹു. സ്പീക്കറുടെ 31-10-2016-ലെ റൂളിംഗ്

താനൂർ തീരപ്രദേശത്തെ സംഘർഷങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. കൂടിയായ തന്നെ അറിയിക്കാതെ സമാധാനയോഗം വിളിച്ചുചേർത്തത് സംബന്ധിച്ച് അന്വേഷിച്ചപ്പോൾ മലപ്പുറം ജില്ലാ കളക്ടർ അപമര്യാദയായി പെരുമാറിയെന്നും ഒരു എം.എൽ.എ.യോട് ജില്ലാ കളക്ടർ കാണിക്കേണ്ട സാമാന്യ പെരുമാറ്റരീതിപോലും ജില്ലാ കളക്ടറുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. അബ്ദുറഹിമാൻ നൽകിയ പരാതി ആവശ്യമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുന്നു.

അനുബന്ധം 3

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 ഫെബ്രുവരി 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഫെബ്രുവരി 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
4. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതിക്ക് റഫർ ചെയ്യപ്പെട്ട, മലപ്പുറം ജില്ലാ കളക്ടർ തന്നോട് അപമര്യാദയായി പെരുമാറിയെന്നാരോപിച്ചുകൊണ്ട് താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ സമർപ്പിച്ച പരാതി സമിതിയോഗം പരിഗണിച്ചു. ബഹു. നിയമസഭാംഗവുമായി നേരിട്ട് സംസാരിച്ചപ്പോൾ പരാതിയിൽ ഉന്നയിച്ച വിഷയം, പരാതിയിൽ പറഞ്ഞതിനേക്കാൾ ഗൗരവതരമാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്ന് ചെയർമാൻ ആമുഖമായി പറഞ്ഞു.

ഉദ്യോഗസ്ഥർ ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറുന്നതായി നിരവധി പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം വിഷയങ്ങൾ ഗൗരവത്തോടെ കാണേണ്ടതാണെന്ന് സമിതി വിലയിരുത്തി. ആരോപണവിധേയയായ മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീമതി എ. ഷൈനാമോളോട് പരാതി വിഷയത്തിന്മേലുള്ള വിശദീകരണം ഒരാഴ്ചയ്ക്കകം സമിതിക്ക് സമർപ്പിക്കുവാൻ ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് പിരിഞ്ഞു.

അനുബന്ധം 4

പ്രേക്ഷിത

എ. ഷൈനാമോൾ,
മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
തിരുവനന്തപുരം.

സ്വീകർത്താവ്

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം :—കേരള നിയമസഭ സെക്രട്ടേറിയറ്റ്—പ്രിവിലേജസ് എഥിക്സ് എന്നിവ സംബന്ധിച്ച സമിതി—ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.-യുടെ പരാതി—വിശദീകരണം സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :—അങ്ങയുടെ 21-2-2017-ലെ 4031/ടേബിൾ-2/2016/നി.സെ. നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ടി കത്തിലൂടെ ആവശ്യപ്പെട്ടിരുന്ന എന്റെ വിശദീകരണം ചുവടെ സമർപ്പിക്കുന്നു:

16-8-2016 മുതൽ 25-11-2016 വരെ ഞാൻ മലപ്പുറം കളക്ടറുടെ ചുമതല വഹിച്ചിരുന്നു. 22-10-2016-ന് ഡി.പി.സി. മീറ്റിംഗിന് ശേഷം ഞാൻ ചേംബറിൽ തിരിച്ചെത്തി അൽപ്പസമയത്തിനുള്ളിൽ ബഹു.താനൂർ എം.എൽ.എ. എന്റെ ചേംബറിലേക്ക് കടന്നുവന്നു. താനൂർ ഫിഷിങ്ങ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണെടുക്കുന്നതിനും, നീക്കം ചെയ്യുന്നതിനും സമ്പൂർണാനുമതി ഉടനെ നൽകണമെന്ന് ബഹു.എം.എൽ.എ. ആവശ്യപ്പെട്ടു. നിലവിലുള്ള നിയമ സംവിധാനമനുസരിച്ച് അത്തരത്തിലുള്ള അനുവാദം നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുമായി ഈ വിഷയം ചർച്ച ചെയ്ത് നടപടികൾ കൈക്കൊള്ളാമെന്ന് അറിയിച്ചെങ്കിലും ബഹു.എം.എൽ.എ. തൃപ്തനായില്ല.

ഇതിനിടക്കാണ് തിരൂർ സബ് കളക്ടറായിരുന്ന ശ്രീമതി അദീല അബ്ദുല്ല എന്റെ ചേംബറിൽ കടന്നുവന്നത്. അദീലയെ കണ്ട ഉടനെ തന്നെ ബഹു. എം.എൽ.എ. പ്രകോപിതനാവുകയും അദ്ദേഹത്തെ അറിയിക്കാതെ തിരൂർ സബ് കളക്ടർ സമാധാനയോഗം വിളിച്ചു ചേർത്തതിൽ സബ് കളക്ടറെ രൂക്ഷമായ ഭാഷയിൽ ചോദ്യം

ചെയ്യാനും തുടങ്ങി. "എന്റെ ടെറിട്ടറിയിൽ ഒരു മീറ്റിംഗ് നടത്തണമെങ്കിൽ അത് ഞാനറിയണം. ഞാനറിയാതെ ആരും അവിടെ മീറ്റിംഗ് ഒന്നും നടത്തണ്ട" എന്നും മറ്റും പറഞ്ഞു ഒരു സ്ത്രീയെന്ന പരിഗണന പോലും നൽകാതെ തട്ടിക്കയറി.

താൻ നടത്തിയത് പ്രാദേശികമായ ഒരു ചെറിയ ഇടപെടലായിരുന്നെന്നും, ആയതിനാലാണ് ബഹു. എം.എൽ.എ.-യെ ആ വേദിയിലേക്ക് ക്ഷണിക്കാതിരുന്നതെന്നും സബ് കളക്ടർ വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം കൂടുതൽ ക്ഷുഭിതനാകുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള പെരുമാറ്റത്തിൽ സബ് കളക്ടർ വല്ലാതെ മാനസിക ബുദ്ധിമുട്ടനുഭവിക്കുകയും, അസ്വസ്ഥയാവുകയും ചെയ്യുന്നത് കാണാമായിരുന്നു. ഇതു കണക്കിലെടുക്കാതെ ബഹു.എം.എൽ.എ. സബ് കളക്ടറോട് വീണ്ടും ക്ഷുഭിതനാവുന്നത് കണ്ട ഞാൻ വിഷയത്തിൽ ഇടപെട്ട് രംഗം ശാന്തമാക്കാൻ ശ്രമിച്ചു. എന്റെ കീഴിൽ പ്രവൃർത്തിയെടുക്കുന്ന വളരെ ജൂനിയറായ ഒരു വനിതാ സബ് കളക്ടർക്ക് അങ്ങേയറ്റം മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്ന രീതിയിൽ ബഹു.എം.എൽ.എ. എന്റെ ചേംബറിൽവെച്ച് പെരുമാറിയപ്പോൾ, അതിൽ ഇടപെടേണ്ടതും, രമ്യതയിലാക്കേണ്ടതും എന്റെ ഉത്തരവാദിത്വമായതിനാലാണ് ഞാൻ വിഷയത്തിൽ ഇടപെട്ടത്. താനൂരിൽ നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ ഞാൻ വിളിച്ച യോഗത്തിൽ ബഹു. എം.എൽ.എ.-യെ ക്ഷണിച്ചിരുന്ന കാര്യവും ആയതിൽ അദ്ദേഹം പങ്കെടുത്ത വിവരവും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ജില്ലാതല യോഗത്തിൽ അദ്ദേഹം പങ്കെടുത്ത സ്ഥിതിക്ക് പ്രാദേശികമായി സബ് കളക്ടർ വിളിച്ച യോഗത്തിൽ ബഹു.എം.എൽ.എ.-യെ ക്ഷണിച്ചില്ല എന്നത് ഒരു വലിയ വിഷയം ആക്കരുതെന്ന് ഞാൻ അദ്ദേഹത്തോട് വിനയപൂർവ്വം ആവശ്യപ്പെട്ടെങ്കിലും അദ്ദേഹം ശാന്തനായില്ല. മാത്രമല്ല, സബ് കളക്ടറോട് പെരുമാറിയ രീതിയിൽ അദ്ദേഹം നിശിതമായ ഭാഷയിൽ എന്നോട് തട്ടിക്കയറാൻ തുടങ്ങി. ഇത്തരത്തിൽ ആക്ഷേപിക്കുന്ന രീതിയിൽ സംസാരിക്കുന്നത് അനുചിതമാണെന്നും ആയത് ഒഴിവാക്കണമെന്നും ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഇതോടെ "കൊല്ലത്തെ കളിയൊന്നും ഇവിടെ വേണ്ട ഇതു സ്ഥലം വേറെയാ" എന്നും മറ്റും അധിക്ഷേപ വാക്കുകൾ എന്റെ നേരെ ചൊരിഞ്ഞുകൊണ്ട് അദ്ദേഹം ഇറങ്ങി പോവുകയാണുണ്ടായത്.

ബഹു.എം.എൽ.എ. യുടെ അപമര്യാദയായ പെരുമാറ്റം എനിക്കും സബ് കളക്ടർക്കും വലിയ തോതിലുള്ള മാനസിക ബുദ്ധിമുട്ടും അപമാനവും ഉളവാക്കുകയുണ്ടായി. ഇതിനെതിരെയുള്ള പരാതി കൊടുത്താലോ എന്ന് ആലോചിച്ചെങ്കിലും രണ്ട് ലേഡി ഓഫീസർമാരോട് ബഹു. എം.എൽ.എ. അപമര്യാദയായി പെരുമാറി എന്ന വാർത്ത പുറത്തു വരുന്നത് അദ്ദേഹത്തിന് വലിയ തോതിൽ ഡാമേജിംഗ് ആകുകയും, പിന്നീടത് അനാവശ്യ ചർച്ചകൾക്കും അസ്വാരസ്യങ്ങൾക്കും ഇടനൽകും എന്നുള്ളതുകൊണ്ടും അത് വേണ്ടെന്ന് വെച്ചു. കൂടാതെ ജില്ലാ കളക്ടർ എന്ന നിലയിൽ എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോകേണ്ടത് എന്റെ കടമയാണെന്നും കരുതിയതിനാൽ ഈ വിഷയം കൂടുതൽ പരസ്യപ്പെടുത്തേണ്ട എന്ന് തീരുമാനിച്ചു. എന്നിരുന്നാലും ഇനി ഇത്തരം ഒരു പെരുമാറ്റം ബഹു.എം.എൽ.എ.യുടെ ഭാഗത്തുനിന്നുണ്ടാകാതിരിക്കാൻ ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ജില്ലയുടെ ചുമതല വഹിക്കുന്ന ബഹു.തദ്ദേശ സ്വയംഭരണവകുപ്പ്

മന്ത്രി ശ്രീ. കെ. ടി. ജലീൽ അവറുകളോട് നടന്ന സംഭവങ്ങൾ വിശദീകരിച്ചു. നടന്ന സംഭവത്തിൽ എനിക്കുണ്ടായ മാനസിക ബുദ്ധിമുട്ട് അദ്ദേഹത്തെ ധരിപ്പിച്ചപ്പോൾ എന്നെ ആശ്വസിപ്പിക്കുകയും ബഹു. എം.എൽ.എ.യോട് സംസാരിച്ചുകൊള്ളാം എന്നറിയിക്കുകയും ചെയ്തു. സബ് കളക്ടർ രണ്ട് ദിവസത്തിനുള്ളിൽ റിലീവ് ചെയ്ത് പുതിയ പോസ്റ്റിൽ ഫോർട്ട് കൊച്ചിയിൽ ജോയിൻ ചെയ്യുകയും ചെയ്തു.

പിന്നീട് പല വേദികളിലും എന്റെ അസാന്നിധ്യത്തിൽ ബഹു. എം.എൽ.എ. എന്നെ രൂക്ഷമായി വിമർശിക്കുകയും പാഠം പഠിപ്പിക്കുമെന്ന് വെല്ലുവിളിക്കുകയും സ്ഥലം മാറ്റുമെന്നും പറഞ്ഞതായി അറിയാനിടയായി. എന്നിരുന്നാലും ഞാൻ നാളിതുവരെ ഈ വിഷയത്തിൽ അങ്ങേയറ്റം സംയമനം പാലിക്കുകയും എന്നിൽ അർപ്പിതമായ ഉത്തരവാദിത്വങ്ങൾ ശരിയാംവിധം നിർവ്വഹിച്ചു വരികയായിരുന്നു. അങ്ങനെയിരിക്കെ ഏറെ വൈകാതെ എന്നെ ട്രാൻസ്ഫർ ചെയതു കൊണ്ടുള്ള ഓർഡർ ഇറങ്ങുകയും ഞാൻ ജില്ലാ കളക്ടർ എന്ന പോസ്റ്റിൽ നിന്നും വിടുതൽ ചെയ്ത് പുതിയ പോസ്റ്റിൽ ജോയിൻ ചെയ്യുകയും ചെയ്തു.

ബഹു. എം.എൽ.എ.യുടെ പരാതിയിൽ പരാമർശിക്കുന്ന മണ്ണെടുപ്പുമായി ബന്ധപ്പെട്ട് അദ്ദേഹം അയച്ചതായി പറയുന്ന 5-8-2016-ലെ കത്ത് എന്റെ ശ്രദ്ധയിൽ വന്നതായി ഓർക്കുന്നില്ല. ആ സമയത്ത് ഞാനായിരുന്നില്ല മലപ്പുറം ജില്ലാ കളക്ടർ. മണ്ണെടുപ്പ് നടത്താൻ പ്രത്യേകിച്ച് ഒരു നിയമവും നോക്കാതെ ഞാൻ അനുവാദം നൽകണം എന്ന അദ്ദേഹത്തിന്റെ ആവശ്യം എനിക്ക് അംഗീകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. നിലനിൽക്കുന്ന നിയമ വ്യവസ്ഥക്കുള്ളിൽ നിന്ന് സാധ്യമായതെല്ലാം ചെയ്യാം എന്ന ഉറപ്പ് ബഹു. എം.എൽ.എ.യ്ക്ക് ഞാൻ നൽകിയതുമായിരുന്നു.

ജില്ലയിലെ വികസനപ്രവർത്തനങ്ങളിൽ ഞാൻ മതിയായ ശ്രദ്ധ പതിപ്പിച്ചില്ല എന്ന അദ്ദേഹത്തിന്റെ ആരോപണം വസ്തുതാവിരുദ്ധമാണ്. കേവലം മൂന്ന് മാസം മാത്രമേ മലപ്പുറം ജില്ലയിൽ കളക്ടറായി സേവനമനുഷ്ഠിക്കാൻ കഴിഞ്ഞുള്ളൂവെങ്കിലും വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ ജനോപകാരപ്രദമായ പുതിയ പദ്ധതികൾ ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. ജനങ്ങളുടെ പരാതികൾ അവരുടെ നാട്ടിലെത്തി കേട്ട് തീർപ്പാക്കാനായി "ജില്ലാ ഭരണം ജനങ്ങൾക്കരികെ", ജലസംരക്ഷണത്തിനായി "അടുത്ത മഴ എന്റെ കിണറിലേക്ക്" [ഇതിലൂടെ നാലര ലക്ഷം മഴക്കുഴികൾ നിർമ്മിക്കുകയും തദ്വാരാ മലപ്പുറത്തെ സമ്പൂർണ്ണ മഴക്കുഴി ജില്ലയാക്കി മാറ്റാനും കഴിഞ്ഞു] തുടങ്ങിയവ അവയിൽ ചിലതു മാത്രമാണ്.

യഥാർത്ഥ വസ്തുതകൾ മേൽ വിവരിച്ച പ്രകാരമാണ്. ആയതിനാൽ ബഹു. എം.എൽ.എ.യുടെ ആരോപണം അസത്യവും വസ്തുതാവിരുദ്ധവുമാണെന്ന് താഴ്മയായി ബോധിപ്പിച്ചുകൊള്ളുന്നു. രണ്ട് വനിതാ ഉദ്യോഗസ്ഥരെ ആക്ഷേപിച്ചു സംസാരിച്ചതുമായി ബന്ധപ്പെട്ട് തനിക്കെതിരെ എന്തെങ്കിലും പരാതി ഉയരുമോ എന്ന

ആശങ്ക കൊണ്ടാകാം ബഹു. എം.എൽ.എ. ഇത്തരത്തിൽ അടിസ്ഥാനരഹിതവും ദുരുപദിഷ്ടവുമായ ആരോപണം ഉന്നയിച്ചിരിക്കുന്നത് എന്ന് ന്യായമായും കരുതാവുന്നതാണ്. മേൽ വിവരിച്ച വസ്തുതകൾ ബഹു. നിയമസഭാ സമിതി പരിഗണിക്കണമെന്നും എനിക്കെതിരെ ബഹു. എം.എൽ.എ. ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നുള്ള വസ്തുത കണക്കിലെടുത്തു ടി പരാതി തള്ളിക്കളയണമെന്നും ഇതിനാൽ വിനയപുരസ്സരം അപേക്ഷിക്കുന്നു.

(ഒപ്പ്)

എ. ഷൈനാമോൾ

തിരുവനന്തപുരം,
27-2-2017.

അനുബന്ധം 5

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 മാർച്ച് 8-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 മാർച്ച് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ്. എം. തോമസ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിതാ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടർ ആയിരിക്കെ ശ്രീമതി എ. ഷൈനാമോൾ അപമര്യാദയായി പെരുമാറിയെന്നാരോപിച്ച് താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാൻ സമർപ്പിച്ച പരാതിയിന്മേൽ ശ്രീമതി എ. ഷൈനാമോൾ സമിതി മുമ്പാകെ സമർപ്പിച്ച വിശദീകരണം സമിതി പരിശോധിച്ചു.

പ്രസ്തുത വിശദീകരണത്തിന്മേൽ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.യുടെ വിശദീകരണം കൂടി കേൾക്കാൻ സമിതി തീരുമാനിച്ചു. ഇതിനായി 2017 മാർച്ച് മാസം 15-ാം തീയതി നിയമസഭ പിരിഞ്ഞ ശേഷം തിരുവനന്തപുരത്തുവച്ച് യോഗം ചേരാനും തീരുമാനിച്ചു.

യോഗം 3.30-ന് പിരിഞ്ഞു.

അനുബന്ധം 6

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 മാർച്ച് 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 മാർച്ച് 15 -ാം തീയതി ബുധനാഴ്ച വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
5. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിതാ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, അണ്ടർ സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടർ ആയിരുന്ന ശ്രീമതി എ. ഷൈനാമോൾക്കെതിരെ ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ. നൽകിയതും സമിതിക്ക് റഫർ ചെയ്തതുമായ പരാതിയിന്മേൽ ശ്രീമതി എ. ഷൈനാമോൾ സമർപ്പിച്ച വിശദീകരണം പരിശോധിച്ച വേളയിൽ പരാതിക്കാരനായ ശ്രീ. വി. അബ്ദുറഹിമാനിൽ നിന്ന് തെളിവെടുക്കുന്നതിനുള്ള സമിതിയുടെ 8-2017-ലെ തീരുമാനപ്രകാരം ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ. സമിതി യോഗത്തിൽ ഹാജരായി.

ശ്രീ. വി. അബ്ദുറഹിമാൻ പരാതി വിഷയവുമായി ബന്ധപ്പെട്ട വിശദീകരണം സമിതി മുൻപാകെ നൽകുകയുണ്ടായി.

താനൂർ ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പണി തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട് അന്നത്തെ മലപ്പുറം ജില്ലാ കളക്ടർക്ക് ഒരു പരാതി കൊടുത്തിരിന്നുവെന്നും എന്നാൽ അധികം താമസിയാതെ കളക്ടർ മാറിപ്പോയെന്നും പുതിയ കളക്ടറായി ശ്രീമതി എ. ഷൈനാമോൾ ചാർജെടുത്തെന്നും ജില്ലാ വികസന സമിതി യോഗത്തിൽ വച്ച് ശ്രീമതി എ. ഷൈനാമോളെ കണ്ടപ്പോൾ മുൻ കളക്ടർക്ക് കൊടുത്ത പരാതിയുടെ

കാര്യം സൂചിപ്പിച്ചുവെന്നും ഇതേ വിഷയവുമായി ബന്ധപ്പെട്ട തുറമുഖ വകുപ്പ് ഉദ്യോഗസ്ഥരും പരാതി കൊടുത്തിരുന്ന കാര്യം അറിയാൻ കഴിഞ്ഞിരുന്നുവെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. പഴയ കളക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് താൻ കളക്ടർക്ക് കൈമാറുകയും പരിശോധിച്ച് തീരുമാനം അറിയിക്കാമെന്ന് മറുപടി ലഭിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ ജില്ലാ വികസന സമിതി യോഗത്തിൽ മിനിട്ട് ചെയ്തിട്ടുണ്ട്. അടുത്ത ജില്ലാ വികസന സമിതി യോഗത്തിന് മുമ്പായി പോർട്ട് ഉദ്യോഗസ്ഥർ തന്നെ വന്നു കാണുകയും ജില്ലാ കളക്ടർ നടപടിയൊന്നും എടുത്തില്ലെന്ന് അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ യോഗത്തിൽ വച്ച് താൻ ഈ വിഷയം ഉന്നയിച്ചപ്പോൾ ഇതൊന്നും കളക്ടറുടെ ജോലിയല്ല എന്ന മറുപടിയാണ് ലഭിച്ചത്. അപ്പോൾ തന്നോടൊപ്പം ഉണ്ടായിരുന്ന ഉദ്യോഗസ്ഥരോട് പ്രസ്തുത ഉദ്യോഗസ്ഥർ തന്നെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുവന്നതാണെന്ന രീതിയിൽ കളക്ടർ സംസാരിക്കുകയും കളക്ടർ തന്നോട് അപമര്യാദയായി പെരുമാറുകയും ചെയ്തതായി ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ. സമിതി മുമ്പാകെ വെളിപ്പെടുത്തി.

സമിതി യോഗം കഴിഞ്ഞ ഉടനെ കളക്ടറെ അവരുടെ ചേംബറിൽ വച്ച് കാണാൻ താൻ പോയിരുന്നതായും എന്നാൽ ഒരു എം.എൽ.എ.യ്ക്ക് നൽകേണ്ട യാതൊരു പരിഗണനയും നൽകാതെ അപ്പോൾ കളക്ടർ ഫയൽ നോക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നും തന്റെ പരാതിയെക്കുറിച്ച് സംസാരിച്ചപ്പോൾ അതിനെക്കുറിച്ച് യാതൊന്നും സംസാരിക്കുവാൻ അവർ തയ്യാറായില്ലെന്ന് മാത്രവുമല്ല മണ്ണെടുപ്പോ മണ്ണ് കൊടുക്കലോ ഒന്നും തന്റെ ജോലിയല്ലെന്ന് അവർ പറയുകയുണ്ടായെന്നും ബഹു. അംഗം സമിതിയെ ധരിപ്പിച്ചു.

അപ്പോൾ കളക്ടറുടെ ചേമ്പറിൽ സബ് കളക്ടർ ശ്രീമതി അദീല അബ്ദുല്ല സന്നിഹിതയായിരുന്നുവെന്നും നിറമരുതൂർ പഞ്ചായത്തിൽ ഉണ്ടായ ചില സംഭവ വികാസങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അംഗങ്ങളുടെയും മറ്റ് രാഷ്ട്രീയ നേതാക്കന്മാരുടെയും ഒരു സമാധാന യോഗം സബ് കളക്ടർ വിളിച്ചിരുന്നുവെന്നും ആ യോഗത്തിലേക്ക് സ്ഥലം എം.എൽ.എ. എന്ന നിലയിൽ തന്നെ ക്ഷണിക്കാതിരുന്നത് സംബന്ധിച്ച് സബ് കളക്ടറോട് ചോദിച്ചപ്പോൾ അതേപ്പറ്റി അറിയില്ല എന്നാണ് സബ് കളക്ടർ മറുപടി നൽകിയതെന്നും എന്നാൽ സമാധാനയോഗത്തിൽ എം.എൽ.എ.-യെ വിളിക്കണമെന്ന് എന്തെങ്കിലും ഉത്തരവ് ഉണ്ടെങ്കിൽ കൊണ്ടുവരാൻ വളരെ ധാർഷ്ട്യത്തോടുകൂടി കളക്ടർ പറഞ്ഞുവെന്നും ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. സമിതിയിൽ വെളിപ്പെടുത്തി.

കഴിഞ്ഞ നാൽപ്പതു വർഷമായി പൊതു പ്രവർത്തനം നടത്തുന്ന താൻ നിരവധി ഓഫീസുകളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും നിയോജകമണ്ഡലത്തിൽ ഔദ്യോഗിക യോഗങ്ങൾ ചേരുമ്പോൾ ജനപ്രതിനിധികൾ അറിയേണ്ടതുണ്ടെന്ന കാര്യം കളക്ടറെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കവേ എം.എൽ.എ.യ്ക്ക് സബ് കളക്ടറോട് സംസാരിക്കേണ്ട കാര്യമെന്താണെന്ന ധിക്കാരപരമായ മറുപടിയാണ് കളക്ടറുടെ ഭാഗത്ത് നിന്നുണ്ടായതെന്നും ആ സമയത്തെല്ലാം താൻ വളരെയേറെ സംയമനം പാലിക്കുകയാണ് ഉണ്ടായതെന്നും ബഹു. അംഗം സമിതിയെ അറിയിച്ചു.

"കൊല്ലത്തെ കളിയൊന്നും ഇവിടെ വേണ്ടാ" എന്ന് എം.എൽ.എ. പറയുകയുണ്ടായെന്ന ശ്രീമതി ഷൈനാമോളുടെ വാദത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പുറ്റിങ്ങൽ വെടിക്കെട്ടപകടം സംബന്ധിച്ച് കൊല്ലം ജില്ലാ കളക്ടറായിരുന്ന ശ്രീമതി എ. ഷൈനാമോൾ എടുത്ത നിലപാടുകളെക്കുറിച്ച് പത്രത്തിൽ വായിച്ച വിവരങ്ങൾ വച്ച് ആ രീതി ഇവിടെ സ്വീകരിക്കരുത് എന്നാണ് ഉദ്ദേശിച്ചതെന്നും ബഹു. അംഗം വെളിപ്പെടുത്തുകയുണ്ടായി.

മലപ്പുറം ജില്ലയിൽ കഴിഞ്ഞ ഓണത്തിന് 3000-ത്തോളം അമ്മമാരെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ ഒരു പരിപാടിയിൽ കളക്ടറെയും സബ് കളക്ടറേയും ക്ഷണിച്ചിരുന്നുവെങ്കിലും അവർ പങ്കെടുത്തിരുന്നില്ല എന്നും പ്രസ്തുത പരിപാടിയിൽ ബഹു. സ്പീക്കർ പങ്കെടുക്കുകയും കളക്ടറുമായുള്ള വിഷയങ്ങൾ ബഹു. സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പരാതി എഴുതി നൽകാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നുവെന്നും മേൽ പരിപാടിയിൽ കളക്ടർ പങ്കെടുക്കാതിരുന്നതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ തന്റെ ജോലി ഇതല്ലെന്ന് പറഞ്ഞതായിട്ടാണ് അറിയാൻ കഴിഞ്ഞതെന്നും ബഹു. അംഗം സമിതി മുമ്പാകെ ബോധിപ്പിച്ചു.

കളക്ടറെ മാറ്റുമെന്ന് താൻ ഒരു വേദിയിലും പ്രസംഗിച്ചിട്ടില്ലായെന്നും അതിനായി താൻ ഒരു ഇടപെടലും നടത്തിയിട്ടില്ലായെന്നും സമിതിയുടെ ചോദ്യത്തിന് ഉത്തരമായി ബഹു. അംഗം ബോധിപ്പിച്ചു.

കളക്ടർ വിളിച്ച ജില്ലാതല യോഗത്തിൽ എം.എൽ.എ.-യെ ക്ഷണിച്ചിരുന്നുവെന്നും സബ് കളക്ടർ വിളിച്ച യോഗത്തിൽ ക്ഷണിക്കാതിരുന്നത് വലിയ വിഷയമാക്കരുതെന്ന് താൻ അഭ്യർത്ഥിച്ചിരുന്നുവെന്നുമുള്ള കളക്ടറുടെ വിശദീകരണത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ സബ് കളക്ടർ വിളിച്ച യോഗം പഞ്ചായത്ത് തലത്തിലായിരുന്നുവെന്നും താൻ നിർദ്ദേശിച്ചതനുസരിച്ചാണ് പ്രസ്തുത യോഗം വിളിച്ചു ചേർത്തതെന്നും തന്റെ മണ്ഡലത്തിൽ ഇത്തരം ഒരു പൊതു പരിപാടി നടക്കുമ്പോൾ സ്ഥലം എം.എൽ.എ. കൂടിയായ തന്നെ അറിയിക്കാത്തത് ശരിയായ നടപടിയല്ലെന്നും അദ്ദേഹം പറഞ്ഞു.

നിയമം നോക്കാതെ മണ്ണെടുപ്പിന് അനുവാദം നൽകണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടു എന്ന് ശ്രീമതി എ. ഷൈനാമോൾ നൽകിയ വിശദീകരണത്തിൽ സൂചിപ്പിച്ചതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ബന്ധപ്പെട്ട വകുപ്പുകളുമായി ഈ വിഷയം ചർച്ച ചെയ്ത് പരിഹരിക്കണം എന്നാണ് താൻ പറഞ്ഞതെന്ന് എം.എൽ.എ. സമിതി മുമ്പാകെ ബോധിപ്പിച്ചു.

ജില്ലാ കളക്ടർ ഇത്തരത്തിൽ പെരുമാറുമ്പോഴൊക്കെ താൻ വളരെ സംയമനം പാലിക്കുകയായിരുന്നുവെന്നും അപ്പോൾ തന്റെ കൂടെ തന്റെ മണ്ഡലത്തിലെ അഡീഷണൽ സ്റ്റാഫിൽപ്പെട്ട പി.എ.യും കോഴിക്കോട് നിന്ന് വന്ന ചില ഹാർബർ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരും ഉണ്ടായിരുന്നുവെന്നും ഇവരുടെ പേരു വിവരങ്ങൾ സമിതിക്ക് നൽകാമെന്നും ശ്രീ. വി. അബ്ദുറഹിമാൻ സമിതിയെ അറിയിച്ചു.

ഈ വിഷയത്തിൽ സമിതി ഒരു മുൻവിധിയുമില്ലാതെയായിരിക്കും നടപടികളുമായി മുന്നോട്ട് പോകുന്നതെന്നും ബഹു. എം.എൽ.എ. യുടെ വിശദീകരണത്തിൽ നിന്നും അദ്ദേഹത്തിന് വലിയ തോതിലുള്ള മാനഹാനി നേരിട്ടു എന്ന് കരുതുന്നുവെന്നും

എം.എൽ.എ. അപമര്യാദയായി പെരുമാറിയെന്ന് ജില്ലാ കളക്ടർ ഇപ്പോൾ ആരോപണം ഉന്നയിക്കുന്നത് ശരിയല്ലെന്നും പരാതിയുണ്ടായിരുന്നുവെങ്കിൽ അപ്പോൾ തന്നെ അത് കൊടുക്കണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ ശ്രീമതി എ. ഷൈനാമോൾ, സബ് കളക്ടർ ആയിരുന്ന ശ്രീമതി അദീല അബ്ദുല്ല എന്നിവരെ വിളിച്ച് വരുത്തുവാനും അതിനു ശേഷം ആവശ്യമെങ്കിൽ മാത്രം സാക്ഷികളെക്കൂടി വിളിക്കാനും സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകിട്ട് 7.00 മണിക്ക് പിരിഞ്ഞു.

## അനുബന്ധം 7

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി
# 11-5-2017-ലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്തഭാഗം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 മേയ് 11 വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിതാ ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടർ ആയിരിക്കെ ശ്രീമതി എ. ഷൈനാമോൾ അപമര്യാദയായി പെരുമാറി എന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ തെളിവെടുപ്പിനായി സമിതിക്ക് മുൻപാകെ ഹാജരാകുവാൻ ശ്രീമതി എ. ഷൈനാമോളോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടിയാളിന്റെ അമ്മയുടെ അസുഖം കാരണം ഒരാഴ്ചത്തെ അവധിക്ക് അപേക്ഷിച്ചിരുന്നത് സമിതി അംഗീകരിച്ചു.

സമിതിയുടെ അറിയിപ്പനുസരിച്ച് ഹാജരായിരുന്ന ശ്രീമതി അദീല അബ്ദുല്ലയെ സമിതിയുടെ മുൻപാകെ വിളിക്കുകയും ശ്രീമതി ഷൈനാമോളുടെ തെളിവെടുപ്പിനു ശേഷം ശ്രീമതി അദീല അബ്ദുല്ലയിൽ നിന്നും തെളിവെടുക്കാം എന്ന് സൂചിപ്പിച്ച് തിരിച്ചയയ്ക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.30-ന് അവസാനിച്ചു.

അനുബന്ധം 8

A. Shainamol IAS
Managing Director
Kerala Water Authority

കെ.ഡബ്ലിയു.എ/ജെ.ബി/എം.ഡി/40/2017 തീയതി, 15-5-2017

സ്വീകർത്താവ്

സെക്രട്ടറി
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം:—പതിനാലാം കേരള നിയമസഭ—പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2016-2019) 2017

സൂചന:—(1) അങ്ങയുടെ 21-2-2017-ലെ 4031/ടേബിൾ-2/2016/നി.സെ. നമ്പർ കത്ത്

(2) 27-2-2017-ലെ എന്റെ മറുപടി കത്ത്.

ഞാൻ മലപ്പുറം ജില്ലാ കളക്ടറായിരിക്കെ അപമര്യാദയായി പെരുമാറി എന്നാരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട താനൂർ നിയമസഭാംഗം നൽകിയ പരാതിയിന്മേൽ സൂചന (1) പ്രകാരം ബഹുമാനപ്പെട്ട പ്രിവിലേജസ് & എത്തിക്സ് കമ്മിറ്റി വിശദീകരണം ആവശ്യപ്പെടുകയും ആയത് സൂചന (2) പ്രകാരം ഞാൻ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. ബഹുമാനപ്പെട്ട താനൂർ എം.എൽ.എ. എനിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണെന്നും, യഥാർത്ഥത്തിൽ വനിതാ ഉദ്യോഗസ്ഥരായ എനിക്കും, സബ് കളക്ടർ ശ്രീമതി അദീല അബ്ദുള്ളയ്ക്കും അദ്ദേഹത്തിൽ നിന്നും വളരെ മോശമായ ഒരനുഭവമാണുണ്ടായതെന്നും ഏത് സാഹചര്യത്തിലാണ് ഞങ്ങൾ അദ്ദേഹത്തിനെതിരെ പരാതിയുമായി മുമ്പോട്ട് പോകാതിരുന്നതെന്നും സൂചന (2) പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. വിശദീകരണം തൃപ്തികരമല്ലെന്ന് ചൂണ്ടിക്കാട്ടി കൂടുതൽ തെളിവെടുപ്പിനായി മേയ് 11-ന് ഹാജരാകണമെന്നാവശ്യപ്പെട്ടിരുന്നു. എന്റെ അമ്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് സാവകാശം അഭ്യർത്ഥിച്ച് ഞാൻ സമർപ്പിച്ച അപേക്ഷ ബഹുമാനപ്പെട്ട കമ്മിറ്റി പരിഗണിച്ച് എനിക്ക് സമയം ദീർഘിപ്പിച്ച് നൽകിയതിൽ നന്ദി രേഖപ്പെടുത്തുന്നതിനോടൊപ്പം ഒരു പ്രധാന വിഷയം കമ്മിറ്റിയുടെ ശ്രദ്ധയിൽ പ്പെടുത്തുവാൻ അനുവാദം അഭ്യർത്ഥിക്കുന്നു.

പരാതിയിൽ അദ്ദേഹം ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളൊന്നും തന്നെ ബഹുമാനപ്പെട്ട നിയമസഭാംഗത്തിന്റെ അവകാശ ലംഘനത്തിന്റെ പരിധിയിൽ പെടുന്നതല്ല എന്ന വസ്തുത ബഹുമാനപ്പെട്ട നിയമസഭാ സമിതി കണക്കിലെടുക്കണ മെന്ന് താഴ്മയായി അപേക്ഷിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട നിയമസഭാംഗത്തിന്റെ പരാതിയിലൊരിടത്തുപോലും ഏതെങ്കിലും തരത്തിലുള്ള അവകാശ ലംഘനം നടന്നതായി ആരോപിച്ചിട്ടില്ല. ആയതിനാൽ ബഹുമാനപ്പെട്ട നിയമസഭാ സമിതി യഥാർത്ഥ വസ്തുതകൾ കണക്കിലെടുത്ത് എനിക്കെതിരായി ബഹുമാനപ്പെട്ട നിയമസഭാംഗം നൽകിയിട്ടുള്ള പരാതിയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പി ക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

എന്ന്

വിശ്വസ്തതയോടെ

(ഒപ്പ്)

എ. ഷൈനാമോൾ.

അനുബന്ധം 9

## പ്രിവിലേജസ് എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 22-5-2017-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 മേയ് 22 തിങ്കളാഴ്ച വൈകുന്നേരം 3.50-ന് 5 ബി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ.എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. ജോർജ് എം.തോമസ്, എം.എൽ.എ.
2. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി പി. ജയലക്ഷ്മി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി

മലപ്പുറം ജില്ലാ കളക്ടറായിരിക്കവേ ശ്രീമതി എ. ഷൈനാമോൾ, താനൂർ എം.എൽ.എ. ശ്രീ. വി. അബ്ദുറഹിമാനോട് അപമര്യാദയായി പെരുമാറി എന്ന പരാതിയിന്മേൽ ശ്രീമതി എ. ഷൈനാമോളിൽ നിന്നും അന്നത്തെ സബ് കളക്ടർ ശ്രീമതി അദീല അബ്ദുല്ലയിൽ നിന്നും നേരിട്ട് വിശദീകരണം തേടുന്നതിനായി തീരുമാനിച്ചിരുന്നെങ്കിലും ശ്രീമതി എ. ഷൈനാമോൾ അവധിക്ക് അപേക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത തെളിവെടുപ്പ് മാറ്റിവച്ചിരുന്നതായും അതിന് ശേഷം ശ്രീമതി എ. ഷൈനാമോൾ മറ്റൊരു കത്ത് സമിതിക്ക് സമർപ്പിച്ചിരുന്നതായും അതിൽ നിയമസഭാംഗത്തിന്റെ പരാതിയിൽ ഒരിടത്തും അവകാശലംഘനം നടന്നതായി ആരോപിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയിരുന്നതായും അതിനാൽ വസ്തുതകൾ മനസ്സിലാക്കി പരാതിയിന്മേലുള്ള തുടർനടപടി അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നതായും ചെയർമാൻ ആമുഖമായി സമിതിയെ ധരിപ്പിച്ചു.

എം.എൽ.എ.യോട് അപമര്യാദയായി പെരുമാറി എന്ന പരാതിയിന്മേലുള്ള വിശദീകരണം നൽകുന്നതിന് പകരം പ്രസ്തുത വിഷയം അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന് സമർത്ഥിക്കാനാണ് ശ്രീമതി എ. ഷൈനാമോൾ ശ്രമിച്ചിരിക്കുന്നതെന്നും ആയത് ഗൗരവത്തോട് കൂടി കാണേണ്ടതുണ്ടെന്നും സമിതി വിലയിരുത്തി. തുടർന്ന് ശ്രീമതി എ. ഷൈനാമോളെ സമിതിയോഗത്തിലേക്ക് തെളിവെടുപ്പിനായി ക്ഷണിച്ചു. താനൂർ എം.എൽ.എ.യുടെ പരാതിയിൽ സൂചിപ്പിക്കും

പ്രകാരം താനൂർ ഫിഷിംഗ് ഹാർബറിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട് അന്നത്തെ കളക്ടർക്ക് കൊടുത്ത പരാതിയുടെ പകർപ്പ് ശ്രീമതി എ. ഷൈനാമോൾക്ക് നൽകുകയുണ്ടായോ എന്ന സമിതിയുടെ ചോദ്യത്തിന് അത് ഓർക്കുന്നില്ല എന്ന് ശ്രീമതി എ. ഷൈനാമോൾ സമിതി മുൻപാകെ മറുപടി നൽകി.

ജില്ലാതല വികസന സമിതി യോഗത്തിൽ വച്ച് എം.എൽ.എ. ഈ വിഷയം സംസാരിച്ചപ്പോൾ മണ്ണെടുപ്പ് തന്റെ ജോലിയല്ലെന്നും ഉദ്യോഗസ്ഥർ എം.എൽ.എ.-യെ തെറ്റിദ്ധരിപ്പിച്ച് കൊണ്ടുവന്നതാണെന്നുമുള്ള രീതിയിൽ സംസാരിച്ചിരുന്നുവോ എന്ന സമിതിയുടെ ചോദ്യത്തിന് ഡി.ഡി.സി. മീറ്റിംഗിൽ വച്ച് ഡ്രഡ്ജിംഗിന്റെ പുരോഗതി സംബന്ധിച്ച് എം.എൽ.എ. ഉദ്യോഗസ്ഥരുമായി സംസാരിച്ചിരുന്നുവെന്നും മീറ്റിംഗ് കഴിഞ്ഞശേഷം എം.എൽ.എ. തന്റെ ചേമ്പറിൽ വന്ന് ഹാർബറിൽ നിന്നും മണ്ണെടുക്കുന്നതിന് ബ്ലാങ്കറ്റ് പെർമിഷൻ നൽകണമെന്ന് ആവശ്യപ്പെട്ടെന്നും എന്നാൽ മണ്ണെടുക്കുന്നതിനുള്ള അനുവാദം കളക്ടറല്ല ജിയോളജിസ്റ്റാണ് നൽകുന്നതെന്നും അവരുമായി ഈ വിഷയം സംസാരിക്കാമെന്ന് മറുപടി നൽകിയെന്നും ശ്രീമതി എ. ഷൈനാമോൾ സമിതി മുൻപാകെ ബോധിപ്പിച്ചു.

എം.എൽ.എ. കളക്ടറുടെ ചേമ്പറിലേക്ക് വന്നപ്പോൾ അർഹമായ പരിഗണന നൽകാതെ കളക്ടർ സബ് കളക്ടറുമായി സംസാരിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു എന്ന ആക്ഷേപം സംബന്ധിച്ച ചോദ്യത്തിന് അത് തെറ്റാണെന്നും എം.എൽ.എ. കടന്ന് വന്നപ്പോൾ ഉപചാരമനുസരിച്ച് ഇരിക്കാൻ പറഞ്ഞുവെന്നും അപ്പോൾ സബ് കളക്ടർ അവിടെ ഉണ്ടായിരുന്നില്ലെന്നും ഫയൽ ഒപ്പിടുവിക്കുന്നതിന് അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ എം.എൽ.എ. വന്നപ്പോൾ തന്നെ ഇറങ്ങിപ്പോയി എന്നും മണ്ണെടുപ്പ് വിഷയം സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരു വാതിൽവഴി സബ് കളക്ടർ കടന്ന് വരികയാണ് ഉണ്ടായതെന്നും മാത്രമല്ല ആ സമയം ഫയലുകൾ നോക്കിയിരുന്നില്ലായെന്നും കൂടാതെ എം.എൽ.എ. ചോദിച്ച കാര്യങ്ങൾക്ക് വളരെ താല്പര്യത്തോടെയാണ് താൻ മറുപടി നൽകിയതെന്നും മണ്ണെടുപ്പിന് ബ്ലാങ്കറ്റ് പെർമിഷൻ നൽകണമെന്ന എം.എൽ.എ.-യുടെ ആവശ്യം സംബന്ധിച്ച് നിയമപ്രകാരം എന്ത് ചെയ്യുവാൻ സാധിക്കും എന്ന് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ അദ്ദേഹത്തെ പറഞ്ഞുമനസ്സിലാക്കുകയാണ് ഉണ്ടായതെന്നും മണ്ണെടുപ്പിന്റെ കാര്യത്തിൽ താൻ താല്പര്യമില്ലാത്ത രീതിയിൽ പെരുമാറിയതായി അദ്ദേഹത്തിന്റെ പരാതിയിൽ സൂചിപ്പിച്ചുകണ്ടില്ല എന്നും പരാതിയിൽ പറഞ്ഞിട്ടുള്ളത് 'താനൂർ ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട ചർച്ചയ്ക്കൊടുവിൽ സബ് കളക്ടറോട് ചോദിച്ചു' എന്നാണെന്നും ശ്രീമതി എ. ഷൈനാമോൾ സമിതി മുമ്പാകെ ബോധിപ്പിച്ചു.

താനൂരിൽ ഉണ്ടായ ചില പ്രാദേശിക പ്രശ്നങ്ങളെ മുൻനിർത്തി രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചപ്പോൾ അതിൽ സ്ഥലം എം.എൽ.എ.-യെ ക്ഷണിക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന സമിതിയുടെ ചോദ്യത്തിന്, പ്രാദേശികമായി ഉണ്ടായ ചില സംഘർഷങ്ങളെ തുടർന്ന് എം.എൽ.എ. യുടെ ആവശ്യമനുസരിച്ച് തന്റെ ചേമ്പറിൽ 26-6-2017-ൽ ഒരു യോഗം വിളിച്ചു ചേർത്തിരുന്നുവെന്നും അതിൽ എം.എൽ.എ., മുൻ എം.എൽ.എ, എം.പി. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തുവെന്നും എന്നാൽ മുൻ എം.എൽ.എ.

യോഗത്തിൽ പങ്കെടുത്തതിനെ ശ്രീ.വി.അബ്ദുറഹിമാൻ എം.എൽ.എ. ചോദ്യം ചെയ്തുവെന്നും അദ്ദേഹത്തെ ഇറക്കിവിടണമെന്ന് എം.എൽ.എ. ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം വന്ന സ്ഥിതിക്ക് പങ്കെടുക്കട്ടെയെന്ന് താൻ പറഞ്ഞുവെന്നും എന്നാൽ എം.എൽ.എ.യുടെ നിലപാടിൽ പ്രതിഷേധിച്ച് എം.പി.യും മുൻ എം.എൽ.എ.യുമടക്കമുള്ളവർ യോഗത്തിൽ നിന്നും ഇറങ്ങിപ്പോയെങ്കിലും യോഗം നടക്കുകയുണ്ടായെന്നും ശ്രീമതി എ.ഷൈനാമോൾ മറുപടി നൽകി. എന്നാൽ സബ് കളക്ടർ വിളിച്ച് ചേർത്തത് ഒരു യോഗമായിരുന്നില്ലെന്നും അംഗൻവാടി വർക്കർമാരെയും ആശാവർക്കർമാരെയും ഫീൽഡിൽ പോയിക്കണ്ട ഒരു പ്രാദേശിക ഇടപെടൽ മാത്രമായിരുന്നുവെന്നാണ് താൻ മനസ്സിലാക്കുന്നതെന്നും അതിന് യോഗത്തിന്റെ ഒരു സ്വഭാവവും ഇല്ലായിരുന്നുവെന്നും ഉദ്യോഗസ്ഥരെയോ ജനപ്രതിനിധികളെയോ അതിനായി ക്ഷണിച്ചിരുന്നില്ലെന്നും അത് തന്റെ നിർദ്ദേശമനുസരിച്ചുള്ള ഒരു നടപടി അല്ലായിരുന്നുവെന്നും ശ്രീമതി എ. ഷൈനാമോൾ സമിതി മുൻപാകെ വെളിപ്പെടുത്തി.

എം.എൽ.എ. അറിയാതെ സമാധാനയോഗം വിളിച്ചുവെന്ന വിഷയം സംബന്ധിച്ച് എം.എൽ.എ. സബ് കളക്ടറുമായി സംസാരിച്ചപ്പോൾ എം.എൽ.എ.-യ്ക്ക് സബ് കളക്ടറുമായി സംസാരിക്കേണ്ട കാര്യമില്ലായെന്ന് താങ്കൾ പറഞ്ഞുവോ എന്ന സമിതിയുടെ ചോദ്യത്തിന് ഉത്തരമായി, അങ്ങനെ ഉണ്ടായിട്ടില്ലായെന്നും ഫോർട്ട് കൊച്ചിയിലേക്ക് സ്ഥലം മാറ്റം കിട്ടിയ സബ് കളക്ടർ വിടുതൽ ചെയ്യുന്ന ആവശ്യത്തിനായി തന്റെ ചേമ്പറിലേക്ക് വന്നപ്പോൾ ഫിഷിംഗ് ഹാർബർ തിരൂരിൽ ആയതിനാൽ ആ വിഷയം സബ് കളക്ടറോട് സംസാരിക്കാൻ ശ്രമിച്ചപ്പോൾ എം.എൽ.എ. പ്രകോപിതനാവുകയും താൻ അറിയാതെ സബ് കളക്ടർ അവിടെ സമാധാനയോഗം വിളിച്ചുവെന്ന് ആരോപിച്ച് പരുഷമായി സംസാരിക്കുകയാണ് ഉണ്ടായതെന്നും യോഗമല്ല പ്രാദേശികമായ ചില ഇടപെടലുകളാണ് നടത്തിയതെന്ന് സബ് കളക്ടർ പറയാൻ ശ്രമിച്ചുവെങ്കിലും എം.എൽ.എ. ശാന്തനായില്ലെന്നും എന്നാൽ സംസാരിച്ച് തീരുന്നെങ്കിൽ തീരട്ടെ എന്ന് കരുതി താൻ ഇടപെട്ടില്ലെന്നും പിന്നീട് സബ് കളക്ടർ മാനസികമായി തകർന്ന് നിൽക്കുകയാണെന്ന് മനസ്സിലാക്കി താൻ അതിൽ ഇടപെട്ട് എം.എൽ.എ.യെ ശാന്തനാക്കാൻ ശ്രമിച്ചെങ്കിലും "കൊല്ലത്തെ കളിയൊന്നും ഇവിടെ വേണ്ട, ഇവിടെ കളിക്കാൻ നിൽക്കണ്ട " എന്നിങ്ങനെ പറയുകയാണ് അദ്ദേഹം ചെയ്തതെന്നും ശ്രീമതി എ. ഷൈനാമോൾ സമിതി മുൻപാകെ വെളിപ്പെടുത്തി. കൂടാതെ തന്റെ അധികാരം ഉപയോഗിച്ചാണ് അവിടെ യോഗം വിളിച്ചതെന്ന് കളക്ടർ പറഞ്ഞതായുള്ള എം.എൽ.എ. യുടെ പരാതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ അങ്ങനെ സംസാരിച്ചിട്ടില്ലായെന്നും കളക്ടറെ സ്ഥലം മാറ്റും എന്ന് പൊതുവേദികളിൽ എം.എൽ.എ. സംസാരിച്ചതായി ശ്രീമതി എ. ഷൈനാമോളുടെ വിശദീകരണത്തിൽ സൂചിപ്പിച്ചത് സംബന്ധിച്ച ചോദ്യത്തിന് എം.എൽ.എ. അങ്ങനെ പറഞ്ഞതായി തന്റെ കീഴുദ്യോഗസ്ഥർ തന്നെ തന്നോട് പറഞ്ഞിട്ടുണ്ടെന്നും അതുമൂലം തനിക്ക് ഏറെ മാനസിക ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടെന്നും സാവകാശം ലഭിച്ചാൽ അതിന് തെളിവ് ഹാജരാക്കാമെന്നും കൂടാതെ ഹജ്ജ് കമ്മിറ്റി യോഗത്തിൽ എം.എൽ.എ. തന്നെ അതിനിശിതമായ ഭാഷയിലാണ് വിമർശിച്ചതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണെന്നും വിമർശനം സംബന്ധിച്ച് യോഗത്തിന്റെ മിനിട്സിലും രേഖപ്പെടുത്തലുണ്ടെന്നും ശ്രീമതി എ. ഷൈനാമോൾ സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയത്തിലുള്ള ഷൈനാമോളുടെ വിശദീകരണത്തിൽ എം.എൽ.എ. ബഹു.സ്പീക്കർക്ക് സമർപ്പിച്ച പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് ആരോപിച്ചിരിക്കുന്നത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് താൻ അനുഭവിച്ച മാനസിക ബുദ്ധിമുട്ട് കണക്കിലെടുത്ത് തനിക്ക് നീതി ലഭിക്കുമെന്നാണ് തന്റെ വിശ്വാസമെന്ന് ശ്രീമതി എ. ഷൈനാമോൾ സമിതിയെ അറിയിച്ചു. രണ്ട് വനിതാ ഉദ്യോഗസ്ഥരോട് എം.എൽ.എ. അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് അധികാരികൾക്ക് പരാതി കൊടുക്കാതിരുന്നത് ഒരു പക്ഷേ അത് മാദ്ധ്യമ വാർത്തയായി വരാൻ സാധ്യതയുള്ളതുകൊണ്ടായിരുന്നുവെന്നും, ഉദ്യോഗസ്ഥരെന്ന നിലയിൽ ആത്മാഭിമാനത്തോടെ ജോലി ചെയ്യാനുള്ള അവകാശം തങ്ങൾക്ക് ഉണ്ടെങ്കിലും ഇത്തരം ഒരു വാർത്ത പുറത്ത് വരികയാണെങ്കിൽ അത് എം.എൽ.എ.യ്ക്കും സർക്കാരിനും ഒരു പക്ഷേ ബുദ്ധിമുട്ട് ഉണ്ടാക്കിയേക്കാമെന്ന് കരുതിയെന്നും ജില്ലയുടെ ചുമതലയുള്ള മന്ത്രി ഡോ. കെ. ടി. ജലീലുമായി വിഷയം സംസാരിച്ചിരുന്നെന്നും പരാതി നൽകാതിരുന്നത് തിരിച്ചടിയായി ഇപ്പോൾ തോന്നുന്നെന്നും ഷൈനാമോൾ അറിയിച്ചു. കൂടാതെ മൂന്നുമാസം മാത്രം മലപ്പുറത്ത് സേവനം അനുഷ്ഠിച്ച തനിക്ക് എം.എൽ.എ. തന്റെ ചേമ്പറിൽ വച്ച് സംസാരിക്കുമ്പോൾ അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം ഓർമ്മയില്ലെന്നും ശ്രീമതി എ. ഷൈനാമോൾ അറിയിച്ചു.

പ്രിവിലേജ് കമ്മിറ്റിയെക്കുറിച്ചും നിയമസഭാ കമ്മിറ്റിയെക്കുറിച്ചും കൂടുതൽ മനസ്സിലാക്കണമെന്നും സമിതിക്ക് നൽകിയ പരാതിയിൽ ബഹു.അംഗം ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളൊന്നും അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്നില്ലായെന്ന ശ്രീമതി ഷൈനാമോളുടെ വാദം നിലനിൽക്കുന്നതല്ലെന്നും ആയത് തീരുമാനിക്കേണ്ടത് സമിതിയാണെന്നും സമിതി അറിയിച്ചു. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി ഒരു ക്വാസി ജുഡീഷ്യൽ ബോഡിയാണെന്നാണ് താൻ മനസ്സിലാക്കിയിരിക്കുന്നതെന്നും കുറ്റം ആരോപിക്കപ്പെട്ട വ്യക്തി എന്ന നിലയിൽ തന്റെ അഭിപ്രായം ബോധിപ്പിക്കാനുള്ള അവകാശം തനിക്കുണ്ട് എന്ന് കരുതിയിട്ടാണ് താൻ സമിതിയുടെ നോട്ടീസിന് മറുപടി നൽകിയതെന്നും അല്ലാതെ സമിതിയുടെ പരമാധികാരത്തിൽ ഇടപെടാൻ താൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലായെന്നും ശ്രീമതി എ. ഷൈനാമോൾ ബോധിപ്പിച്ചു. യഥാർത്ഥ വസ്തുത എന്താണെന്നും പ്രിവിലേജ് ഇഷ്യു ഉണ്ടായിട്ടുണ്ടോ എന്നും സമിതി പരിശോധിക്കുന്നു എന്നാണ് താൻ കരുതുന്നതെന്നും അതിനാലാണ് തന്റെ അഭിപ്രായം രേഖപ്പെടുത്തിയതെന്നും കൂട്ടിച്ചേർത്തു.

മണ്ണെടുക്കുന്നതിനുള്ള അധികാരം നൽകേണ്ടത് ജിയോളജിസ്റ്റാണെങ്കിലും ജില്ലാ പരമാധികാരി എന്ന നിലയിൽ കളക്ടർക്ക് അതിൽ ഇടപെടാമായിരുന്നില്ലേ എന്ന ചോദ്യത്തിന്, കളക്ടർ പരമാധികാരിയല്ലെന്നും ഒരു ഉദ്യോഗസ്ഥ മാത്രമാണെന്നും മണ്ണെടുക്കുന്നതിന് ബ്ലാങ്കറ്റ് പെർമിഷൻ കൊടുക്കാൻ തനിക്ക് കഴിയുമായിരുന്നില്ലെന്നും എങ്കിലും അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് നോക്കാമെന്ന് അദ്ദേഹത്തിന് ബുദ്ധിമുട്ടുണ്ടാക്കാതെ പറഞ്ഞതായും ശ്രീമതി ഷൈനാമോൾ മറുപടി നൽകി.

എം.എൽ.എ. കളക്ടർക്ക് നൽകിയ ഒരു കത്തിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് എം.എൽ.എ തന്നോട് കളക്ടറായിരിക്കുമ്പോൾ കത്തിനെക്കുറിച്ച് സംസാരിച്ചിട്ടില്ലായെന്നും സബ് കളക്ടർ വിളിച്ച യോഗവുമായി ബന്ധപ്പെട്ട വിഷയത്തിലാണ് വാക്കുതർക്കം ഉണ്ടായതെന്നും ചേമ്പറിൽ വച്ച് നടന്ന മണ്ണെടുപ്പുമായി ബന്ധപ്പെട്ട സംഭാഷണത്തിൽ അദ്ദേഹം തൃപ്തനായിരുന്നുവെന്നാണ് താൻ മനസ്സിലാക്കുന്നതെന്നും ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ പരാതിയിലും അതൃപ്തി പ്രകടിപ്പിച്ചിട്ടില്ലെന്നും സമിതി തനിക്ക് നോട്ടീസ് നൽകിയപ്പോഴേക്ക് താൻ കേരള വാട്ടർ അതോറിറ്റിയിലേക്ക് മാറിക്കഴിഞ്ഞിരുന്നുവെന്നും ഉത്തരമായി ശ്രീമതി എ. ഷൈനാമോൾ പറഞ്ഞു.

എം.എൽ.എ.യുടെ മണ്ഡലത്തിൽ ഉണ്ടായ ഒരു വിഷയം സംബന്ധിച്ച യോഗത്തിലേക്ക് അദ്ദേഹത്തെ വിളിച്ചില്ല എന്ന് അറിഞ്ഞപ്പോൾ എന്താണ് അതിൽ ഇടപെടാത്തത് എന്ന് സമിതി ആരാഞ്ഞപ്പോൾ, അത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും മാത്രമല്ല അത് ഒരു യോഗത്തിന്റെ രൂപത്തിലുള്ളതായിരുന്നില്ലായെന്നും ഫീൽഡിൽ പോയി സബ് കളക്ടർ നടത്തിയ ഇടപെടൽ മാത്രമായിരുന്നുവെന്നും, എം.എൽ.എ ഇത് സംബന്ധിച്ച് ഒരു പരാതിയും മുൻപ് ഉന്നയിച്ചിരുന്നില്ലായിരുന്നുവെന്നും 40 ദിവസങ്ങൾക്ക് ശേഷം തന്റെ ചേമ്പറിൽ വച്ച് സബ് കളക്ടറെ കണ്ടപ്പോൾ മാത്രമാണ് പ്രസ്തുത വിഷയത്തിന്മേൽ എം.എൽ.എ. പ്രകോപിതനായതെന്നും ശ്രീമതി എ. ഷൈനാമോൾ മറുപടിയായി പറഞ്ഞു.

ഒരു പ്രശ്ന പരിഹാരത്തിന്റെ സാദ്ധ്യത കണ്ടെത്തുന്നതിനായി മുൻപ് തന്ന മറുപടിക്കപ്പുറം എന്തെങ്കിലും പറയാനുണ്ടോ എന്ന് സമിതി ആരാഞ്ഞപ്പോൾ താൻ ഈ വിഷയത്തിൽ തീർത്തും നിരപരാധിയാണെന്നും എം.എൽ.എ.യിൽ നിന്നും തീർത്തും മോശമായ പെരുമാറ്റമാണ് നേരിടേണ്ടിവന്നതെന്നും താൻ ചെയ്യാത്ത തെറ്റിന് ക്രൂശിക്കപ്പെടുകയാണെന്നും ശ്രീമതി.എ.ഷൈനാമോൾ ബോധിപ്പിച്ചു.

തുടർന്ന് സബ് കളക്ടർ ശ്രീമതി അദീല അബ്ദുല്ല സമിതി മുൻപാകെ ഹാജരായി. സമിതി മുൻപാകെ ശ്രീമതി അദീല അബ്ദുല്ലയെ വിളിച്ച് വരുത്താൻ ഇടയായ സാഹചര്യം ചെയർമാൻ വിശദമാക്കി.

2016 ഒക്ടോബർ 22-ന് ശ്രീമതി എ. ഷൈനാമോൾ മലപ്പുറം ജില്ലാ കളക്ടറായിരിക്കവേ കളക്ടറുടെ ചേമ്പറിലേക്ക് ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. കടന്ന് വരുമ്പോൾ ശ്രീമതി അദീല അബ്ദുല്ല അവിടെ സന്നിഹിതയായിരുന്നോ എന്ന ചോദ്യത്തിന് എറണാകുളത്തേക്ക് സ്ഥലം മാറ്റം കിട്ടിയതിനെത്തുടർന്ന് റിലീവിംഗ് ഓർഡർ വാങ്ങാനാണ് താൻ കളക്ടറുടെ ചേമ്പറിൽ എത്തിയതെന്നും കളക്ടറും എം.എൽ.എ.-യുമായി സംസാരിക്കുമ്പോഴാണ് താൻ ചേമ്പറിൽ ചെന്നതെന്നും അവിടെ നടന്ന സംഭാഷണങ്ങളിലൊന്നും താൻ ഭാഗമായിരുന്നില്ലെന്നും ഹാർബറിലെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട വിഷയമാണ് അവർ സംസാരിച്ചതെന്നും അപ്പോൾ അവിടെ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ ഹാർബർ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരാണെന്നാണ് തന്റെ ഓർമ്മയെന്നും ശ്രീമതി അദീല അബ്ദുല്ല അറിയിച്ചു. അതിനെത്തുടർന്നാണ് മീറ്റിംഗ് നടത്തിയത് സംബന്ധിച്ച വിഷയം തന്നോട് ചോദിച്ചതെന്നും എം.എൽ.എ.മാർ കളക്ടറുടെ മീറ്റിംഗുകളിൽ മാത്രമാണ് പങ്കെടുക്കാറുള്ളതെന്നും സബ് കമ്മിറ്റികൾ

പോലുള്ളവയുടെ മീറ്റിംഗിൽ പ്രാദേശിക നേതാക്കളെ മാത്രമാണ് പങ്കെടുപ്പിക്കുന്നതെന്നും മുൻപും ഇതേ രീതിയാണ് സ്വീകരിച്ചിരുന്നതെന്നും എം.എൽ.എ.യുടെ മണ്ഡലത്തിൽ നടന്ന ഒരു സംഘർഷവുമായി ബന്ധപ്പെട്ട് ഒരു പ്രാദേശിക യോഗം വിളിച്ചപ്പോൾ, മേൽ വിവരിച്ച സാഹചര്യത്തിൽ അദ്ദേഹത്തെ വിളിക്കണമെന്ന കാര്യം അറിഞ്ഞിരുന്നില്ലെന്നും ശ്രീമതി അദീല അബ്ദുല്ല സമിതിയെ ബോധിപ്പിച്ചു. മാത്രമല്ല കളക്ടർ വിളിച്ചു ചേർത്ത യോഗത്തിൽ നിന്നും മുൻ എം.എൽ.എ. അടക്കമുള്ള മുസ്ലീംലീഗ് നേതാക്കൾ ഇറങ്ങിപ്പോയ സാഹചര്യത്തിൽ മറ്റൊരു മീറ്റിംഗിൽ പങ്കെടുക്കാൻ അവർ തയ്യാറായിരുന്നില്ലെന്നും അതിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നങ്ങളും വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങളും മുൻ നിർത്തി പ്രാദേശികമായി ഒരു മീറ്റിംഗ് വിളിക്കാൻ തീരുമാനിച്ചതെന്നും അതിൽ അംഗനവാടി വർക്കർമാർ, ആശാവർക്കർമാർ, എൽ.പി. സ്കൂൾ ടീച്ചർമാർ, പള്ളിയിലെ ഖത്തീബുമാർ, പുരോഹിതർ, വാർഡ് മെമ്പർമാർ എന്നിവരാണ് സംബന്ധിച്ചിരുന്നതെന്നും ഇതിലേക്ക് എം.എൽ.എ.യെ വിളിക്കണമെന്ന ചിന്ത തന്റെ മനസ്സിൽ ഉണ്ടായിരുന്നില്ലെന്നും മീറ്റിംഗ് വിളിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചത് വില്ലേജ് ഓഫീസർ ആയിരുന്നുവെന്നും യോഗം സംബന്ധിച്ച് എം.എൽ.എ. തന്നോട് പരാതി അറിയിച്ചിട്ടില്ലെന്നും പിന്നീട് തഹസിൽദാരെ വിളിച്ച് പ്രസ്തുത മീറ്റിംഗ് വിളിച്ചു ചേർത്തതിലുള്ള നീരസം അറിയിച്ചെന്നറിഞ്ഞപ്പോൾ അന്ന് തന്നെ താൻ ജില്ലയുടെ ചാർജ്ജുള്ള മന്ത്രി. ഡോ.കെ.ടി.ജലീലിനെ വിളിച്ച് വിവരം പറഞ്ഞതായും ശ്രീമതി അദീല അബ്ദുല്ല സമിതി മുൻപാകെ ബോധിപ്പിച്ചു.

കളക്ടറുടെ ചേമ്പറിൽ വച്ച് കളക്ടർ ഏതെങ്കിലും തരത്തിൽ എം.എൽ.എ.യോട് പ്രതികരിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് സബ് കളക്ടർ വിളിച്ച യോഗത്തിലേക്ക് എം.എൽ.എ. യെ വിളിച്ചില്ലെങ്കിലും താൻ നടത്തിയ യോഗത്തിലേക്ക് വിളിച്ചല്ലോ എന്ന് കളക്ടർ പറഞ്ഞപ്പോൾ തന്റെ ടെറിട്ടറിയിൽ വന്നിട്ട് താൻ അറിയാതെ ഒരു മീറ്റിംഗ് വിളിച്ചാൽ അത് അങ്ങനെ വിട്ടാൽ പറ്റില്ലെന്നും മറ്റും എം.എൽ.എ. പറഞ്ഞതായും അതിനെക്കുറിച്ച് കൂടുതലായി ഒന്നും ഓർത്തെടുക്കാൻ കഴിയുന്നില്ലെന്നും ശ്രീമതി അദീല അബ്ദുല്ല മറുപടിയായി പറഞ്ഞു. കൂടാതെ എം.എൽ.എ. രണ്ട് വനിതാ ഓഫീസർമാരോട് അധിക്ഷേപകരമായി സംസാരിച്ചു എന്ന് പറഞ്ഞത് ശരിയാണെന്നും തനിക്ക് ഒരു വിവാദമുണ്ടാക്കാൻ താൽപ്പര്യമില്ലാതിരുന്നതിനാലാണ് അത് മുന്നോട്ട് കൊണ്ട് പോകാതിരുന്നതെന്നും മാത്രമല്ല എം.എൽ.എ. തന്നോട് വളരെ മോശമായി സംസാരിച്ചപ്പോഴാണ് ഒരു മേലുദ്യോഗസ്ഥ എന്ന നിലയിൽ കളക്ടർ ഇടപെട്ട് പരിഹാരശ്രമം നടത്തിയതെന്നും എന്നാൽ എം.എൽ.എ. കൈചൂണ്ടി കളക്ടറോട് `കൊല്ലത്തെ കളി ഇവിടെ വേണ്ട' എന്ന് പറയുകയും തുടർന്ന് കളക്ടർ `അപ്പോൾ അറിയാമല്ലോ ഞാൻ കൊല്ലത്ത് എങ്ങനെയായിരുന്നു' എന്ന മറുപടി നൽകുകയും തുടർന്ന് എം.എൽ.എ.യും കളക്ടറും നിലവിട്ട് അങ്ങോട്ടും ഇങ്ങോട്ടും സംസാരിച്ചുവെന്നും ശ്രീമതി അദീല അബ്ദുല്ല സമിതിയുടെ ചോദ്യത്തിനുത്തരമായി പറഞ്ഞു.

സംഘർഷാത്മകമായ പ്രാദേശിക പ്രശ്നത്തിന്മേലുള്ള യോഗത്തിൽ എം.എൽ.എ.-യെ വിളിക്കേണ്ടിയിരുന്നില്ലേ എന്ന ചോദ്യം സമിതി ആവർത്തിച്ചപ്പോൾ മനഃപ്പൂർവ്വമായിരുന്നില്ല എന്നും മുൻ യോഗത്തിൽ ഉണ്ടായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലീം ലീഗുകാരുടെ സഹകരണം ലഭിക്കാതെ വരാൻ സാദ്ധ്യത

ഉണ്ടായിരുന്നുവെന്നും വിവാദമായ യോഗത്തിന് നോട്ടീസ് നൽകിയത് വില്ലേജ് ഓഫീസറോ തഹസിൽദാരോ ആയിരുന്നുവെന്നും മീറ്റിംഗ് കഴിഞ്ഞ ഉടൻതന്നെ പ്രസ്തുത വിവരം കളക്ടറെ അറിയിച്ചിരുന്നുവെന്നാണ് തന്റെ ഓർമ്മയെന്നും സമിതിയുടെ മറ്റൊരു ചോദ്യത്തിനുത്തരമായി ശ്രീമതി അദീല അബ്ദുല്ല പറഞ്ഞു.

വിഷയത്തിന്മേൽ ശ്രീമതി എ.ഷൈനാമോൾ നൽകിയ വിശദീകരണത്തിൽ എം.എൽ.എ.യുടെ പരാതി പ്രിവിലേജ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതല്ല എന്ന തരത്തിലുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ലെന്നും പ്രിവിലേജ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയമായത് കൊണ്ടാണ് ടിയാളിൽ നിന്നും വിശദീകരണം തേടിയതെന്നും അതിന് വിശദീകരണം നൽകുന്നതിന് പകരം പ്രശ്നം അവകാശലംഘനത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല എന്ന് ചൂണ്ടിക്കാണിച്ചിരിക്കുകയാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ ശ്രീമതി എ. ഷൈനാമോളിൽ നിന്നും ഇത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം തേടാൻ സമിതി തീരുമാനിച്ചു.

യോഗം വൈകിട്ട് 5.30-ന് പിരിഞ്ഞു.

അനുബന്ധം 10

പ്രേക്ഷിത

എ. ഷൈനാമോൾ ഐ.എ.എസ്,
മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
തിരുവനന്തപുരം.

സ്വീകർത്താവ്

സെക്രട്ടറി,
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം:—കേരള നിയമസഭാ സെക്രട്ടേറിയറ്റ്—പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി—ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ.യുടെ പരാതി—വിശദീകരണം സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:—(1) അങ്ങയുടെ 24-6-2017-ലെ 4031/ടേബിൾ-2/2016/നി.സെ. നമ്പർ കത്ത്

(2) 27-2-2017-ലെ എന്റെ മറുപടി കത്ത്.

(3) അങ്ങയുടെ 6-5-2017-ലെ 4031/ടേബിൾ-2/2016/നി.സെ. നമ്പർ കത്ത്.

(4) കത്ത് നമ്പർ : KWA/JB/MD/40/2017 dated 15-5-2017.

സൂചന (1) ലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ടി കത്തിലൂടെ ആവശ്യപ്പെട്ടിരുന്ന എന്റെ വിശദീകരണം ചുവടെ സമർപ്പിക്കുന്നു:

ബഹു. താനൂർ എം.എൽ.എ. എനിക്കെതിരായി സമർപ്പിച്ച പരാതിയെ സംബന്ധിച്ച് എന്റെ ഭാഗം വിശദീകരിക്കുവാൻ ബഹുമാനപ്പെട്ട നിയമസഭാ സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് യഥാർത്ഥ വസ്തുതകൾ വിശദീകരിച്ചുകൊണ്ട് സൂചന (2) പ്രകാരം ഞാൻ മറുപടി സമർപ്പിച്ചിരുന്നത്. ആയതിനുശേഷം നേരിട്ട് ഹാജരായി വിശദീകരണം നൽകുവാൻ സൂചന (3) പ്രകാരം ബഹു. നിയമസഭാ സമിതി എന്നോട് നിർദ്ദേശിക്കുകയുണ്ടായി. ബഹു.താനൂർ എം.എൽ.എ. യുടെ അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള യാതൊരു നടപടിയും എന്റെ

ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്ന് വിനയപൂർവ്വം ബഹു.നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ മാത്രമാണ് സൂചന (4) പ്രകാരമുള്ള കത്തിൽ ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ ബഹു.നിയമസഭാ സ്പീക്കറുടേയോ ബഹു. നിയമസഭാ സമിതിയുടേയോ അധികാരത്തെ ഒരു തരത്തിലും വിമർശിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെന്ന് എളിമയായി ബോധിപ്പിച്ചുകൊള്ളുന്നു. മാത്രമല്ല എന്റെ കത്തിലെ പരാമർശം ഉചിതമല്ലായെന്ന് സൂചന (1) കത്തിൽ ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ ആയതിൽ ഞാൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

എന്ന്

വിനയപൂർവ്വം

(ഒപ്പ്)

എ. ഷൈനാമോൾ ഐ.എ.എസ്.

തിരുവനന്തപുരം,

30-6-2017

അനുബന്ധം 11

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 17-7-2017-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഒരു യോഗം 2017 ജൂലൈ 17 തിങ്കളാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 624-ാം നമ്പർ ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
5. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.
6. ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.
7. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടറായിരിക്കവെ ശ്രീമതി എ. ഷൈനാമോൾ തന്റെ ചേമ്പറിലെത്തിയ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. യോട് അപമര്യാദയായി പെരുമാറി എന്ന ആരോപണവുമായി ബന്ധപ്പെട്ട് 15-5-2017-ന് ശ്രീമതി എ. ഷൈനാമോൾ കത്ത് മുഖേന നൽകിയ വിശദീകരണത്തിലെ ബഹു.അംഗത്തിന്റെ പരാതിയിൽ അദ്ദേഹം ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളൊന്നും അദ്ദേഹത്തിന്റെ അവകാശ ലംഘനത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന വസ്തുത സമിതി കണക്കിലെടുക്കണം എന്നുള്ള പരാമർശം സംബന്ധിച്ച് സമിതിയുടെ 22-5-2017-ലെ തീരുമാനപ്രകാരം ആരാഞ്ഞ വിശദീകരണം സമിതി പരിഗണിച്ചു.

നിയമസഭാ സമിതിക്ക് നൽകിയ വിശദീകരണത്തിലെ പരാമർശത്തിന്മേൽ മാത്രമാണ് ശ്രീമതി എ. ഷൈനാമോൾ ഖേദം പ്രകടിപ്പിച്ചിരിക്കുന്നതെന്നും ബഹു.എം.എൽ.എ.യുമായി ഉണ്ടായ വിഷയത്തിൽ ഖേദം പ്രകടിപ്പിച്ചിട്ടില്ലായെന്നും സമിതി വിലയിരുത്തി. പരാതിക്ക് ഇടയായ സംഭവ വേളയിൽ അംഗത്തോടൊപ്പം കളക്ടറുടെ ചേമ്പറിൽ ഉണ്ടായിരുന്ന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുക്കുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3 മണിക്ക് പിരിഞ്ഞു.

അനുബന്ധം 12

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 നവംബർ 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പിന്റെ പ്രസക്ത ഭാഗം

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 നവംബർ 2-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 'V–A' സമ്മേളനഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി
2. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജി. പി. ഉണ്ണിക്കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടറായിരുന്ന ശ്രീമതി എ. ഷൈനാമോൾക്കെതിരെ ശ്രീ. വി. അബ്ദുറഹിമാൻ എം.എൽ.എ. സമർപ്പിച്ച അവകാശലംഘനപ്രശ്നത്തിന്മേൽ, ശ്രീ വി. അബ്ദുറഹിമാൻ എം.എൽ.എ. ശ്രീമതി എ. ഷൈനാമോൾ, ശ്രീമതി അദീല അബ്ദുല്ല എന്നിവർ സമിതി മുൻപാകെ നൽകിയ വിശദീകരണങ്ങൾ സമിതി വിശദമായി ചർച്ച ചെയ്തു. ശ്രീമതി എ. ഷൈനാമോളും എം.എൽ.എ.യും തമ്മിൽ വാഗ്വാദത്തിൽ ഏർപ്പെട്ടുവെന്നത് മൊഴികളിൽ നിന്ന് വ്യക്തമാണെന്ന് സമിതി വിലയിരുത്തി. പ്രസ്തുത നടപടി ഉചിതമായില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. എങ്കിലും താരതമ്യേന ജൂനിയർ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥയാണെന്ന വസ്തുത പരിഗണിച്ചും, പരാതിക്കാസ്പദമായ സംഭവം ഉണ്ടായതിൽ ടിയാൾക്ക് മനോവിഷമമുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും, ടിയാൾക്കെതിരെ ശിക്ഷാനടപടിയൊന്നും സ്വീകരിക്കേണ്ടതില്ല എന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

581/2018.

നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കും നൽകേണ്ട ബഹുമാനവും അവരോടു പ്രകടിപ്പിക്കേണ്ട സാമാന്യ മര്യാദയും സംബന്ധിച്ച അഖിലേന്ത്യാ സർവ്വീസ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ഉദ്യോഗസ്ഥരിലും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ശിപാർശ ചെയ്യണമെന്നും സമിതി തീരുമാനിച്ചു. സമിതിയുടെ മേൽ നിഗമനങ്ങളുടെ അടിസ്ഥാനത്തിലുള്ള കരട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15 മണിക്ക് അവസാനിച്ചു.

അനുബന്ധം 13

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2017 ഡിസംബർ 13-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി 2017 ഡിസംബർ 13 -ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ V-A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി കവിത ഉണ്ണിത്താൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. ജി. ത്രിദീപ്, ഡെപ്യൂട്ടി സെക്രട്ടറി.

മലപ്പുറം ജില്ലാ കളക്ടറായിരുന്ന ശ്രീമതി എ. ഷൈനാമോൾക്കെതിരെ ശ്രീ. വി. അബ്ദുറഹിമാൻ. എം.എൽ.എ. നൽകിയ പരാതിയിന്മേലുള്ള കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും കരട് റിപ്പോർട്ടിലെ സമിതിയുടെ ശിപാർശ എന്ന ഭാഗത്തിലെ ആദ്യത്തെ വാചകമായ "മലപ്പുറം ജില്ലാ കളക്ടറായിരിക്കവെ ശ്രീമതി എ. ഷൈനാമോൾ ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ. യുമായി വാഗ്വാദത്തിൽ ഏർപ്പെട്ട നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു" എന്നത് "മലപ്പുറം ജില്ലാ കളക്ടറായിരിക്കവെ ശ്രീമതി എ. ഷൈനാമോൾ ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ. യുമായി വാഗ്വാദത്തിൽ ഏർപ്പെട്ട നടപടി ഉചിതമായില്ല എന്ന് സമിതി വിലയിരുത്തുന്നു" എന്ന് ഭേദഗതി ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ഭേദഗതി ചെയ്ത പ്രകാരമുള്ള റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 27-11-2017-ന് തിരുവനന്തപുരത്ത് വച്ച് ചേരാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.